Registered No. M-4485 Madras War Review, Malayalam—29-9-1944

# യുദ്ധസഞ്ചിക

വാള്യം IV] മദിരാശി: 1944 സെപ്തംബർ 29-ാംനു, വെള്ളിയാഴ്ച [ലക്കം 4



## വിജയം എന്നുവെച്ചാൽ

**സ**ഖ്യശക്തികളുടെ വിജയം, ജനാധിപത്യത്തിന്റെ വിജയമാണു്.

**അ**തു്, ചരിത്രത്തിൽ ഇതേവരേയും ദൃഷ്ടാന്തപ്പെടാത്തവിധത്തിൽ, ജനകീയ ഭരണത്തിന്നു സജീവത്വവും, അധികാരവും, ശക്തിയും നൽകുകയും, അതിനെ സുസ്ഥിരപ്പെടുത്തുകയും ചെയ്യും.

**ലോ**കം ഇതേവരെ അറിയാത്തതും, അനുമാനിക്കക്കൂടി ചെയ്യാത്തതുമായ ഒരു ദശയിലേക്കു ദൈവസഹായത്തോടുകൂടി നാം മുന്നോട്ടു പോവുന്നു—സ്വതന്ത്ര ജനങ്ങൾ നേടുന്ന സ്വാതന്ത്ര്യലബ്ധിയുടെ ഏററവും മഹനീയമായ ഒരു യുഗത്തിലേക്കു്!

—പ്രസിഡണ്ടു റൂസ്‌വെൽട്ടു്, 1944 സെപ്തംബർ 23-ാം തിയ്യതി ചെയ്ത ഒരു റേഡിയോ പ്രക്ഷേപണത്തിൽനിന്നു്

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| വിജയം എന്നുവെച്ചാൽ .. .. .. | 1 | അവരുടെ അവകാശം—ആറടി നിലം .. | 9 |
| അന്നും ഇന്നും .. .. .. .. | 2 | ജാപ്പു യുദ്ധപ്പിശാചുക്കളുടെ പേടി ; മറക്കപ്പെട്ട റിപ്പബ്ലിക്ക്. | 10 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3-5, 8, 11 | യുദ്ധകാലത്തെ വിദ്യാഭ്യാസം ; വിജയിക്കട്ടേ .. | 12 |
| ഇന്നത്തെ ജർമ്മനിയുടെ യഥാർത്ഥമായ ചിത്രം .. | 6-8 | | |


# അന്നും ഇന്നും

## നാസികളുടെ സ്വരത്തിലുള്ള വ്യത്യാസം

### 1940

"മഹിമതിങ്ങിയ ജർമ്മൻ പട്ടാളം, നാർവിക് മുതൽ പിരണീസ് വരെ, നോർത്ത് കടൽ, ഇംഗ്ലീഷ് കടൽ, ബ്രിട്ടന്നു തെക്കു കിടക്കുന്ന അത്ലാന്തിക് കടൽ ഇവയൊക്കെ ഭരിച്ചുകൊണ്ടു, ഈ യുദ്ധം അവസാനിപ്പിക്കാനുള്ള ആജ്ഞയും പ്രതീക്ഷിച്ചു അതാ നിൽക്കുന്നു."

—ബർലിൻ റേഡിയോ, 26 ജൂൺ 1940.

### 1941

"ഞാൻ ഉറപ്പിച്ചു പറയുന്നു ഇക്കൊല്ലം കഴിയും മുമ്പു ജർമ്മനി യുദ്ധം അവസാനിപ്പിക്കുമെന്നും, കാലാവസ്ഥ അനുകൂലമായ ഉടൻ തന്നെ ഇംഗ്ലണ്ടിനെ ആക്രമിക്കുമെന്നും."

—ഗോബൽസ്, 9 മാർച്ച് 1941.

### 1942

"നാം ചെയ്യുന്നതു് ഒരു ജീവന്മരണയുദ്ധമാണ്. യുദ്ധത്തിൽ നാം വിജയിക്കുന്നതായാൽ, നമ്മുടെ ദേശീയ ജീവിതത്തിന്നു നല്ല ഒരു ഭാവി ഉണ്ടാകും. ഏതു പ്രകാരേണയെങ്കിലും നാം തോൽക്കുന്നതായാലോ—. . ഇതു് ആലോചിക്കുവാൻപോലും വയ്യാത്തത്ര ഭയാനകമായ ഒരു ചിന്തയാണ്—നമുക്കു, നമ്മുടെ ജനങ്ങളുടെ ചരിത്രം സൃഷ്ടിക്കുന്ന കൃത്യത്തിലുള്ള അവകാശം എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകും."

—ഗോബൽസ്, 19 നവെമ്പർ 1942.

### 1943

നാം അനുഭവിച്ചുവരുന്ന കനത്ത കഷ്ടങ്ങളിൽനിന്നും നമുക്കുള്ള പ്രതീക്ഷകളിൽനിന്നും തികച്ചും സ്വതന്ത്രമായി, ഇപ്പോൾ വീണ്ടും ജർമ്മൻ ജനങ്ങളോടു യാതൊരു കളവും പറയാതെ കാര്യങ്ങൾ തുറന്നു പറയാനുള്ള സമയം വന്നതായി എനിക്കു തോന്നുന്നു.

—ഹിററ്ലർ, 10 സപ്തെമ്പർ 1943.

### 1944

"യുദ്ധത്തിന്റെ അഞ്ചാമത്തെ വർഷത്തിൽ നാം ഇപ്പോഴും യുദ്ധമദ്ധ്യത്തിലാണെന്നതു് കുറെ കഠിനം തന്നെയാണ്. വീരന്മാരുടെ ശ്മശാനങ്ങൾ വളരെയധികം വർദ്ധിക്കുന്നു. എന്റേയും നിങ്ങളുടേയും അടുത്തേക്കു മരണം പാഞ്ഞടുക്കുന്നു. നഗരങ്ങൾ നാശമായ്ത്തകർന്നു വീഴുന്നു. യുദ്ധം നിങ്ങളുടെ കാൽമടമ്പുകളെ പിന്തുടരുന്നു. ഓടിപ്പോവാൻ ശ്രമിക്കുമ്പോൾ കഷ്ടകാലം അധികമാവുന്നു. എവിടേക്കു ഓടാൻ? സമാധാനത്തിലേക്കോ? അതേ! സമാധാനം വളരെ മോഹനമായ ഒരു ലക്ഷ്യമാണ്."

—ജർമ്മൻ മിലിട്ടറി മാസിക "ഡാസ് ഷ്‌വാരേ കോർപ്പ്", 26 മാർച്ച് 1944.

## ആഴ്ചക്കുറിപ്പുകൾ

**ഫിലിപ്പൈൻ ദ്വീപുകൾ—ആസന്നമായ ആക്രമണം.**

അമേരിക്കൻസൈന്യം ആംകോർ, പീലു ദ്വീപുകൾ, മൊറോഷ്യാ, ഹൽമഹേര എന്നിവിടങ്ങളിൽ ഇറങ്ങിക്കഴിഞ്ഞു. ഇതിനെത്തുടൎന്നു തന്നെ മനിലയിന്മേൽ സഖ്യ ശക്തികൾ വിമാനാക്രമണം നടത്തിയതായും കേൾക്കുന്നു. ആദ്യമായിട്ടാണ്, മനില നഗരത്തിൽ സഖ്യശക്തികളുടെ ബോമ്പു ചെന്നു വീഴുന്നതു്. ഈ ആകാശാക്രമണത്തിൽ ശത്രുവിന്നു ചില്ലറപരുക്കൊന്നുമല്ല പററിയിരിക്കുന്നതു്. 35 കപ്പലുകളും 200 ൽപ്പരം വിമാനങ്ങളും—അതും ഒരൊററ ദിവസത്തെ ആക്രമണത്തിൽ—ജപ്പാന്നു നഷ്ടപ്പെട്ടു. ഉടനെ അവിടെ പട്ടാള നിയമം പ്രഖ്യാപിതമായി. സഖ്യ ശക്തികൾക്കിന്നു വലിയ മൎമ്മസ്ഥാനത്താണ് എത്തിച്ചേരാൻ കഴിഞ്ഞിട്ടുള്ളതു്. ജപ്പാന്റെ സഹോൽക്കൎഷമണ്ഡലം (കോ-പ്രോസ്പിരിററി സ്ഫിയർ) ഒററപ്പെടുത്താനുള്ള സാദ്ധ്യതകളൊക്കെ കണ്ടു തുടങ്ങിയിരിക്കുന്നു. ഫിലിപ്പൈനിന്റെ വടക്കുനിന്നു ഫോർമോസയിലേക്കു 65 നാഴികയേ ഉള്ളൂ; ബോൎണ്ണിയോ ഫിലിപ്പൈൻ ദ്വീപിന്റെ തെക്കൻ പാൎശ്വത്തിൽ നിന്നു 30 നാഴിക ദൂരത്തിൽ മാത്രമാണ് സ്ഥിതി ചെയ്യുന്നതു്. കൂടാതെ, ഇൻഡോ ചൈനാ, സയാം, മലയ, ബൎമ്മ, ഈസ്റ്റ് ഇൻഡീസ് ഇവിടങ്ങളിൽനിന്നും ഭക്ഷണം, റബ്ബർ, ടിൻ, എണ്ണ എന്നീ സാമഗ്രികൾ കൊണ്ടുപോവുന്നതിന്നു മുഖ്യമായ വഴി സൌത്ത് ചൈനീസ് [illegible]ലൂടെയാണ്. ഫിലിപ്പൈൻ ഈ കടലിനോടും തൊട്ടു കിടക്കുന്നു. ജപ്പാന്നു വിമാന ശക്തിയിലുള്ള കുറവു സഖ്യ ശക്തികൾ നല്ലവണ്ണം ഉപയോഗപ്പെടുത്തുന്നുണ്ടു്. ഈ മാസം കൂടിയ ജപ്പാനിസ് ഡയിററ് (പാർല്ലിമെണ്ട്) ന്റെ യോഗത്തിൽ വെച്ചു, ഗവൎമ്മെണ്ടുവക്താവായ ഇനോ പ്രസ്താവിച്ചു, ജപ്പാന്റെ വിമാനനിൎമ്മാണം സൈനികമായ ആവശ്യങ്ങൾക്കു പോരാതെയാണിരിക്കുന്നതെന്ന്. ഇതിന്നു കാരണം ജപ്പാനിലെ പടത്തലവന്മാരുടെ കണക്കിൽ തെററിയതാണത്രെ. എത്രവിമാനങ്ങൾ യുദ്ധത്തിന്നാവശ്യമാവുമെന്നും എത്ര നഷ്ടപ്പെടുമെന്നും അവർ കണക്കാക്കിയതിൽ പിശകു വരുത്തി അബദ്ധം കാണിച്ചപോൽ! "ഇതാണ്" ഇനോ തുടൎന്നു: "അമേരിക്കക്കാർ പാസഫിക്ക് പ്രദേശത്തു ചെയ്യു ആക്രമണത്തിൽ വിജയികളുവാനുള്ള കാരണം." ഫിലിപ്പൈനിലും ഏതായാലും ജപ്പാൻകാൎക്കു സുഖമായിരിക്കാൻ സാദ്ധ്യമല്ല. യൂറോപ്പിൽ, നാസികൾക്കധീനമായ രാജ്യങ്ങളിലെപ്പോലെത്തന്നെ, ഫിലിപ്പൈനിലും, അവരുടെ ന്യായപ്രകാരം തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടുണ്ടായിരുന്നു; ഫ്രഞ്ചുകാരെപ്പോലെയും ഡച്ചുകാരെപ്പോലെയും, ബൽജിയക്കാരപ്പോലെയും ഇവരും ആ സ്വാതന്ത്ര്യദിനം ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചുവരികയാണ്.


നാടു വിട്ടുപോകേണ്ടിവന്ന അവരുടെ പ്രസിഡെണ്ട് മാനുവൽ ക്വിസോൻ അമേരിക്കയിൽവെച്ചു ഇക്കൊല്ലത്തിൽ പരലോകം പ്രാപിച്ചു. മുമ്പു വൈസ് പ്രസിഡണ്ടായിരുന്ന ആളാണിപ്പോൾ പ്രസിഡെണ്ടായി വൎത്തിക്കുന്നതു്. വേറൊന്നു അമേരിക്കൻ സൈന്യത്തിൽ, അമേരിക്കക്കാൎക്ക് പിറന്ന ഒട്ടധികം ഫിലിപ്പൈൻകാർ ചേൎന്നു യുദ്ധം ചെയ്യുന്നുണ്ടു്. ജപ്പാൻ ഫിലിപ്പൈൻ ദ്വീപുകളെയും ഹാവായ് ദ്വീപുകളെയും ഒരേസമയത്തു ഒന്നായി ആക്രമിച്ചതു് 1941 ഡിസെമ്പർ 7-ാം തിയ്യതിയാണ്. സംഖ്യയിൽ കുറവായിരുന്നിട്ടും, സാമഗ്രികളില്ലാതിരുന്നിട്ടും, അമേരിക്കൻ സേനയും, ഫിലിപ്പൈൻ സേനയും ജനറൽ മക്ആർതറുടെ നേതൃത്വത്തിൽചെയ്യു ധീരസമരം, പ്രത്യേകിച്ചും കൊറിഗിഡർ, ബാററൻ എന്നിവിടങ്ങളിൽ ചെയ്യു ധീരസമരം, യുദ്ധചരിത്രത്തിൽ സ്മരണീയമായിരിക്കും. ഇപ്പോൾകൂടെ ഒരു വമ്പിച്ച ജനവിഭാഗം ജപ്പാനെ എതിൎത്തുംകൊണ്ടു് ഫിലിപ്പൈൻ ദ്വീപുകളിലുണ്ടു്. ഈ വിഷമങ്ങളെപ്പററി ടോക്കിയൊ റേഡിയോ ഒരു സൂചന പുറപ്പെടുവിച്ചിരുന്നു. അതായതു്, "കുന്നുകളിൽ ഒളിഞ്ഞിരിക്കുന്ന ഫിലിപ്പൈൻ സഹോദരന്മാരോടു" കീഴടങ്ങാനുള്ള ഒരഭ്യൎത്ഥന. പക്ഷേ ജനങ്ങൾക്കറിയാം, മക്ആർതർ ചില വലിയ സംരംഭങ്ങൾക്കെല്ലാം ഭാവമുണ്ടെന്നു്; അദ്ദേഹത്തിന്റെ വാക്കിൽത്തന്നെ പറഞ്ഞാൽ, മൊളുക്കാസ് സഖ്യ ശക്തികളുടെ അധീനത്തിലാണെന്നു്. മൊളുക്കാസ്, ഡേവൊ ഹാർബറിലേക്കുള്ള ഒരു ചവിട്ടുപടിയാണ്. ജപ്പാൻകാൎക്കു ഗംഭീരമായ സാമഗ്രികളും സജ്ജീകരണങ്ങളും ഇല്ലെങ്കിൽ അവൎക്കു ഒരു വമ്പിച്ച ശനിപ്പിഴയാണുണ്ടാവാൻ പോവുന്നതു്. എല്ലാ സംഗതികളും സൂചിപ്പിക്കുന്നതു സഖ്യശക്തികൾ താമസിയാതെ ഈ ദ്വീപുകൾ ആക്രമിച്ചു പിടിക്കുമെന്നതാണ്.

**ബൎമ്മ—ഇനിയത്തെ സംരംഭത്തിനു തയ്യാറാവുന്നു.**

ബൎമ്മയും യുദ്ധം നടന്നിരുന്ന ആ രാജ്യത്തിലെ ഇതേവരെ മിക്കവാറും അജ്ഞാതങ്ങളായ താഴ്‌വരകളും, മലകളും, ഒരൊററ നോട്ടത്തിൽ ഫോളണ്ടിൽ

# ലോകമഹായുദ്ധം ഇങ്ങിനെ കാണുക




നടന്ന പട്ടക്കുററൻ ആക്രമണമവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ നിസ്സാരങ്ങളായിത്തോന്നിയേക്കാം. പക്ഷെ ഹോളണ്ടിൽ ഉപയോഗിച്ച അതേ യുദ്ധമുറകൾ ആദ്യമായി പരീക്ഷിച്ചതു് ബർമ്മയിലാണ്. ഈ പുതിയ യുദ്ധരീതി ആദ്യമായി പരീക്ഷിച്ചതും പ്രായോഗികമാക്കിയതും ആ ധീരാഗ്രഗണ്യനും സ്വതസിദ്ധമായ ബുദ്ധിചാതുര്യമുള്ള ആളുമായ ജനറൽ വിൻഗേററ് ആണ്. മുമ്പു ബർമ്മയിൽനിന്നു നേടിയ പരിചയത്തിൽനിന്നും പരിജ്ഞാനത്തിൽനിന്നുമാണ് ആകാശമാർഗ്ഗമായി ഇറക്കിയ ഗിൽഡർ ആക്രമണമെന്ന യുദ്ധതന്ത്രം വിശ്വാസപൂർവ്വം പടിഞ്ഞാറൻ യുദ്ധരംഗങ്ങളിൽ സ്വീകരിക്കാൻ സാധിച്ചതു്. ഇന്നു സഖ്യശക്തികൾക്കു ബർമ്മയിൽ നല്ല ഒരു പിടുത്തവും താവളവുമുണ്ട്. പടം നോക്കിയാൽ മനസ്സിലാവും ഭാവിയിൽ സഖ്യശക്തികൾക്കു അവിടെ നല്ല ഒരവസരം ലഭിക്കുമെന്നു്. ചൈനയിൽ ബർമ്മറോഡ് ചെന്നു ചേരുന്ന സ്ഥലത്തിന്റേയും മിട്ക്യാന താവളത്തിന്റേയും ഇടയിലുള്ള പർവ്വത പ്രാന്തങ്ങളിൽ ചീന ഭടന്മാരും അമേരിക്കൻ പട്ടാളക്കാരും കൂട്ടിമുട്ടിയിരിക്കുന്നു. പിന്നെ, ചിണ്ട്വിൻ നദിയോരത്തിലേയും ടിഡ്ഡിമിലേക്കും അടുത്തുവരുന്ന ബ്രിട്ടീഷ് സേനയുമുണ്ട്. വീണ്ടും തെക്കു ഭാഗത്തു അരക്കാൻ യുദ്ധരംഗത്തിൽ 14-ാം പടയിലെ ഒരു വിഭാഗം മലന്താവളങ്ങളും പിടിച്ചു ജാപ്പുകളെ പർവ്വതത്തിന്റെ വടക്കുകിഴക്കൻ പ്രാന്തങ്ങളിലേക്കു ഓടിച്ചുകൊണ്ടിരിക്കുന്നു. ഈ പട്ടാളങ്ങൾക്കു ഒന്നിച്ചുചേരുവാൻ സാധിക്കുന്നപക്ഷം, ജാപ്പാൻകാർക്കു മാൻറലിയിൽ വമ്പിച്ച ആപത്തു വരികയും അതിനാൽ വീണ്ടും തെക്കോട്ടു പിൻവാങ്ങേണ്ടി വരികയും ചെയ്യും. പക്ഷെ, പിൻവാങ്ങുവാനും അത്ര എളുപ്പമല്ല. നമ്മുടെ വിമാനസേന റെയിൽവെകളും പാലങ്ങളും ഒക്കെ ബോംബിട്ടടച്ചിരിക്കുന്നതിനാൽ ജപ്പാൻകാർക്കു പിറകോട്ടു പോകുവാനുള്ള സൌകര്യവും കമ്മിയാണ്. എത്ര ധീരതയോടെയാണു വിമാനസേന ഈ കൃത്യം നിർവ്വഹിച്ചിരിക്കുന്നതു്: അതും ഈ മഴക്കാലത്തു. വൈമാനികന്മാർക്കു മഴക്കാലത്തു മഴയിൽനിന്നുമാത്രമല്ല ഉപദ്രവമുള്ളൂ. ചതിപിടിച്ച വിമാനത്താവളങ്ങൾ, കുത്തിരുണ്ട മേഘങ്ങൾ, കൊടുങ്കാററ് ഇവയെല്ലാം വിഘ്നങ്ങളാണ്. ഇന്നത്തെ ഏതൊരു കര സൈന്യത്തിന്നും സന്ദേശങ്ങളറിയിക്കുവാനുള്ള സൌകര്യമില്ലാതെ നീങ്ങുവാൻ സാദ്ധ്യമല്ല. ബർമ്മയിലെപ്പോലെ അത്ര വിമാനം ദൌർല്ലഭ്യം ഉള്ള ഒരു യുദ്ധരംഗം ജാപ്പാന്നില്ല. വേനൽകാലം പിറന്നു വെയിലടിക്കുമ്പോൾ ശത്രുവിന്നുള്ള നില ഇതായിരിക്കും. ഏതു കണക്കിലും സഖ്യശക്തികൾക്കു ബർമ്മയിൽ ജയം നേടാനുള്ള എല്ലാ മാർഗ്ഗങ്ങളും തെളിഞ്ഞിട്ടുണ്ട്. മാണ്ഡലിയക്കു നേരെ സഖ്യശക്തികൾ നടത്തിയ ആക്രമണത്തിൽ പറയത്തക്ക എന്തെപ്പൊന്നും ഉണ്ടായതില്ല. മുമ്പോട്ടുള്ള ഗതി മാന്ദ്യം ഭവിക്കുവാനുള്ള കാരണം രാജ്യത്തിന്റെ പ്രകൃതിയും, അനുകൂലമല്ലാത്ത കാലാവസ്ഥയുമാണ്. എന്നാലും പുരോഗതി ഉണ്ടായിട്ടുണ്ട്. ഇക്കൊല്ലം സഖ്യശക്തികൾ ബർമ്മയിൽ വമ്പിച്ച സന്നാഹങ്ങൾ ഒരുക്കിയ കാലമാണ്. കാടുവെട്ടിത്തെളിയിക്കൽ, താവളങ്ങൾ ശരിപ്പെടുത്തുക. ഉദാഹരണമായി മിട്ക്യാന ഇപ്പോൾ ഒരു വലിയ വിമാനസങ്കേതവും പട്ടാളകേന്ദ്രവുമാണ്. ഈ വക മുന്നൊരുക്കങ്ങൾ ചെയ്തിട്ടുണ്ട്. നമ്മുടെ പട്ടാളക്കാർക്കു വേണ്ടത്ര സാമാനങ്ങൾ കിട്ടുന്നുണ്ട്. നല്ല വഴികൾ വെട്ടിത്തെളിയിച്ചിട്ടുണ്ട്. സമയം അടുത്താൽ ഉടനെ ഒരു വലിയ യുദ്ധത്തിന്നുള്ള എല്ലാ സജ്ജീകരണങ്ങളും സന്നാഹങ്ങളും ശരിപ്പെട്ടിരിക്കുന്നു. ക്യൂബെക്കിൽ വെച്ചു പ്രസ്താവിച്ചതും എയർ ചീഫ് മാർഷൽ റിച്ചാർഡ് പിയേർസി സൂചിപ്പിച്ചതുമായ ഒരു വമ്പിച്ച യുദ്ധം ജാപ്പിന്നെതിരായി അടുത്തുണ്ടാവുന്നതായിരിക്കും. ടിഡ്ഡിമിൽ എത്തിയാൽ മലയോരങ്ങളിലെ യുദ്ധം കഴിഞ്ഞു. സഖ്യശക്തികൾ മാണ്ഡലിറെയിൽവെ കവച്ചു കടന്നതിനാൽ, കാടുകളിൽവെച്ചുള്ള വേറൊരു യുദ്ധത്തിന്നുള്ള വഴിയില്ലാതായിരിക്കുന്നു. "അദ്ധ്വാനവും വയപ്പും ധീരതയും" ഇതാണ് ആവശ്യമായിട്ടുള്ളതു്. ഈ ഗുണങ്ങൾ വീരന്മാരായ ബർമ്മാസേനകൾ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതാണ്. ബർമ്മായുദ്ധം സഖ്യശക്തികളുടെ പൊതുവേയുള്ള യുദ്ധത്തിനു—ലോകം നിറഞ്ഞ പരന്നു നടക്കുന്നു. ഈ യുദ്ധത്തിന്നു വലിയ സഹായം ചെയ്തിട്ടുണ്ട്. ഞങ്ങൾക്ക് ദൃഢമായ് ബോദ്ധ്യമുണ്ട്. ഒരിക്കൽ കൂടി, ഇററലിയിലും ആഫ്രിക്കയിലും പ്രദർശിപ്പിച്ചപോലെ ബർമ്മയിലെ ബ്രിട്ടീഷ് സേനയിൽ ഭൂരിഭാഗം വരുന്ന ഇന്ത്യക്കാരുടെ സമര സാധ്യതകളും വീര കൃത്യങ്ങളും ലോകത്തിന്നു ഇവിടെ വെച്ചും ദർശിക്കാറാവും എന്നു്.

യൂറോപ്പിലെ കിഴക്കൻ യുദ്ധരംഗം. ജർമ്മൻകാരുടെ തിരിച്ചടി.

നാം സാധാരണ പത്രങ്ങളിൽ വായിക്കാറുണ്ടു ദൂരവ്യാപകമായിടക്കുന്ന റഷ്യൻ യുദ്ധരംഗത്തിലെ വിജയങ്ങളെപ്പററി; റഷ്യക്കാർ വളരെയധികം ഗ്രാമങ്ങൾ പിടിച്ചു; ഉച്ചരിക്കാൻ വയ്യാത്ത പേരോടുകൂടിയ പല നദികളും കടന്നു എന്നെല്ലാം ആളുകളെല്ലാം അതപ്പടി വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. ജർമ്മൻകാർ എന്തായാലും ഇതു വിശ്വസിക്കുകയില്ലായിരിക്കാം. എസ്റ്റോണിയൻ മുറയിൽ ഈയിടെ 40 ഡിവിഷൻ റഷ്യൻ പട്ടാളം ചെയ്ത ആക്രമണം, റഷ്യൻ പട്ടാളത്തിന്റെയും ഫിൻലണ്ടു ഉൾക്കടലിന്റെയും ഇടയിൽ കുടുങ്ങിക്കിടക്കുന്ന ജർമ്മൻ പട്ടാളക്കാരുമേലുള്ള കുടുക്കു, അവർക്കു രക്ഷപ്പെടാൻ യാതൊരു പാകവുമില്ലാത്ത വിധത്തിൽ, മുറുക്കിയിട്ടുണ്ട്. ജർമ്മൻ പട്ടാളത്തെ കയററി ഫിൻലണ്ടിൽനിന്നു വരുവാൻ ഏതെങ്കിലും കപ്പലുകളും മുതി

(ശേഷം 8-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 സപ്തെമ്പർ 29-ാംനു, വെള്ളിയാഴ്ച


## ഇന്നത്തെ ജർമ്മനിയുടെ യഥാർത്ഥമായ ചിത്രം

ഇപ്പോഴും ഗോബൽസിന്റെ റേഡിയോ പ്രസംഗം കേട്ടു് രസിക്കുന്ന ചില മരത്തലയന്മാർ ഉണ്ടു്. അവർ ഇന്നും കൂടി വിശ്വസിക്കുന്നില്ല, ജർമ്മനി ആകപ്പാടെ പൊളിഞ്ഞു പാളീസ്സായിരിക്കുന്നുവെന്നും, വിജയം നമ്മുടെ കാഴ്ചയിലെത്തിത്തുടങ്ങിയെന്നും. യുദ്ധത്തിന്റെ ഗതിയിൽ അല്പം ഒരു മന്ദീഭാവം ഉണ്ടായാൽ മതി അപ്പോഴൊക്കെ അവർ കൂക്കിവിളിക്കും വമ്പു കലർന്ന സ്വരത്തിൽ "ഹും! ഞാനപ്പോഴും പറഞ്ഞിലെടോ!"

നോർമ്മാണ്ടിയിൽ സഖ്യ സേനകൾ ഇറങ്ങിയപ്പോൾ, കുറച്ചിട ഒരു വിരാമം വന്നു. കാരണം, എത്ര വമ്പിച്ച ഒരു പടയും പടക്കോപ്പുകളുമാണു് അവിടെ ഇറങ്ങിയതു്. അവയൊക്കെ കേന്ദ്രീകരിക്കാനിടവേണ്ടേ? എന്നാൽ ശത്രു അവരുടെ മികച്ച സേനകളെയെല്ലാം ശേഖരിച്ചു പടക്കൊരുങ്ങിയപ്പോൾ, യുദ്ധത്തിനു ഒരു മുറുക്കംകൂടി. അവരാഞ്ഞിലെത്തിയപ്പോൾ ശത്രുവിനെ സഖ്യസേനകൾ തോല്പിച്ചു തുന്നം പാടിച്ചു. ഉടൻതന്നെ സഖ്യസേനകൾക്കു് വിശേഷമായ വിജയങ്ങൾ കൈവന്നു. ഫ്രാൻസിൽ സഖ്യസേനകളുടെ താവളം വിസ്താരപ്പെട്ടു; ബ്രിട്ടണി നമ്മുടെ കയ്യിൽവന്നു. അങ്ങിനെ പാരീസിലേക്കു കുതിച്ചുകയറി.

## ജർമ്മനിയെ ഒരു മൂലയ്ക്കിലൊതുക്കി ഒററപ്പെടുത്തി

യൂറോപ്യൻ യുദ്ധത്തെ സംബന്ധിച്ചേടത്തോളം സഖ്യ ശക്തികൾ വളരെ രഹസ്യമായും ജാഗ്രതയിലുമാണു് വർത്തിച്ചിട്ടുള്ളതു്. സഖ്യശക്തികളുടെ ഗതികൾ എല്ലാവർക്കും അതിശയകരവും അപ്രതീക്ഷിതമായും തോന്നി. സംഭവങ്ങൾ അങ്ങിനെ ത്വരിതഗതിയിൽ വന്നുകൂടി. സൌത്ത് ഫ്രാൻസിൽ സഖ്യസേനകൾ ഇറങ്ങിയതു് നോർമ്മാണ്ടിയിൽ മറെറാരു ചെറിയ വിരാമം വരാനിടയുള്ള അവസരത്തിലാണു്. ഇതേമാതിരി സഖ്യ ശക്തികൾ ബോംബിട്ടും, നോക്കിയറിഞ്ഞും മററുമായി മോസേലേ പ്രദേശത്തുള്ള ജർമ്മൻ ശക്തി എത്രയുണ്ടെന്നു പരീക്ഷിക്കുകയായിരുന്നു; ഹോളണ്ടിലും, ബൽജിയത്തിലും, ബൽഫോർട്ടു് താഴ് വരവരേയും. ജർമ്മനിയുടെ അശക്തതയെ മനസ്സിലാക്കാൻ ആളുകളെയും വിട്ടിരുന്നു. ഈ സമയത്താണു് പെട്ടെന്നു ഹോളണ്ടിലെ ഉൾപ്രദേശത്തു ആകാശമാർഗ്ഗമായി സേന വന്നിറങ്ങിയെത്തിയ അത്ഭുത വാർത്ത ശത്രു അറിഞ്ഞതു്. ശത്രുവിന്നു് ഇതു് ഒരു വല്ലാത്ത ആശ്ചര്യമായിരുന്നു; ഇനിയും ശത്രുവിന്നു് നമ്മൾ പല ആശ്ചര്യങ്ങളും ഉണ്ടാക്കും. ഇതു അവയിൽ ഒന്നു മാത്രമാണു്.

ഹിററ്ലർക്കു സഖ്യസേനകൾ യൂറോപ്പിൽ ഇങ്ങിനെ ഇറങ്ങിയതു് അമ്പരപ്പും വേവലാതിയും ഉണ്ടാക്കി. എന്തൊക്കെ ദോഷങ്ങളാണു് ആയാൾക്കു പററിയതു് നമ്മുടെ ആക്രമണം മൂലം? ആയാളുടെ രക്ഷാമാർഗ്ഗങ്ങളെല്ലാം താറുമാറാക്കി; എന്നുമാത്രമല്ല, സൈന്യങ്ങളെ വളഞ്ഞു പിടിച്ചു, ചതിയിൽപെടുത്തി, മുറിച്ചു മുന്നോട്ടു കയറി ശത്രുവിന്റെ യുദ്ധരംഗം ഛിന്നഭിന്നമാക്കി. ഇവ മാത്രമോ? ആകാശത്തിലെ മേൽക്കിട സഖ്യ ശക്തികൾക്കായിരുന്നു. പ്രകൃതിദത്തമായ ആ രക്ഷാകേന്ദ്രങ്ങളും സൌകര്യങ്ങളും തവിട്ടുപൊടിയാക്കി. ഹിററ്ലർ ഇവയിന്മേലാണു് മൂപ്പരുടെ രക്ഷ നിർണ്ണയിച്ചിരുന്നതു്. ഹോളണ്ടിലെ വെള്ളച്ചാലുകൾ, പുഴകൾ, തോടുകൾ ഇവയെല്ലാം സഖ്യസേനകളാൽ ചുററപ്പെട്ടു കഴിഞ്ഞു. വളരെയധികം വീമ്പു പറഞ്ഞു നടന്നിരുന്ന ജർമ്മൻകാർക്കു സാങ്കേതികവും സാമാനങ്ങളിലും ഉള്ള മേന്മയിന്നു സഖ്യശക്തികളുടെ കൈക്കാണു് മാറിയതു്; ഹിററ്ലർക്കും ആയാളുടെ കൂട്ടാളികൾക്കും ഈ വസ്താവം അസൂയയും രോഷവും ഉണ്ടാക്കുന്നുണ്ടാവും.

സഖ്യ ശക്തികളുടെ കരയുദ്ധം അത്രയധികം വേഗതയോടുകൂടിയതും ഫലവുമുള്ളതുമാണു് ഹിററ്ലർ പഠിച്ച പണിപതിനെട്ടും ഇവിടെ വിഫലമായി. ആകാശമാർഗ്ഗമായി ഇറങ്ങുന്ന പട്ടാളത്തോടു് അവരുടെ യാതൊരു പാട്ടും ഫലിച്ചില്ല. എല്ലാ വഴികളിലും നമുക്കുണ്ടായ ആധിപത്യസ്ഥാനം നാസികളുടെ കരയുദ്ധത്തെപ്പററിയുള്ള യുദ്ധതന്ത്രത്തെ അപ്പാടി തകർത്തുകളഞ്ഞു.

## പരാജയത്തിന്റെ യുദ്ധതന്ത്രം

ഇനി ജർമ്മനിക്കു ഒരടവുമാത്രമേ എടുത്തു കൂട്ടുവാനുള്ളൂ. അതായതു, യുദ്ധനയങ്ങളെ വൈകിക്കുക. സൈന്യങ്ങളെ രക്ഷപ്പെടാൻ വഴിയില്ലാത്ത വിധത്തിൽ വിടുക; യുദ്ധരംഗങ്ങളിൽ നിരാധാരരായി നിസ്സഹായന്മാരായി അലയാൻ അനുവദിക്കുക. എന്തും ചെയ്‌വാനവർ മടിക്കില്ല—കുറച്ചു സമയം കിട്ടാൻ. ഈ യുദ്ധതന്ത്രം ഒരു ബലത്തിന്റെയൊ, വിജയം കൈവരാനൊ ഉള്ള ലക്ഷ്യമല്ല കുറിക്കുന്നതു്. പിന്നേയോ? തോൽവിമനോഭാവത്തേയും, ആസന്നമായ തോൽവിയുടേയും മാത്രം. പാവം! കൂടുതൽ സഹായം വരുമെന്നു കാത്തു, ആ പാവങ്ങൾ സമുദ്രത്തിന്റെ ഓരത്തിൽ അലഞ്ഞു നടന്നു നശിക്കണം. കലൈസ്, ഫ്രാൻസിന്റെ മദ്ധ്യപ്രദേശം; ഇവിടെയൊക്കെ ഉണ്ടായ മാതിരി യാതൊരു സഹായവും കിട്ടുമെന്നാശിക്കാതെ സൈന്യങ്ങൾ ഒന്നുകിൽ കീഴടങ്ങേണ്ടിവരും; അല്ലെങ്കിൽ ചത്തുപോവും. ഈ പരാജയത്തിന്റെ യുദ്ധതന്ത്രം മരണത്തിനോടുള്ള ഒരു ക്ഷണനമാണു്

ഇന്നു ജർമ്മൻകാർ, എവിടെ നോക്കിയാലും, ഐക്യരാഷ്ട്രങ്ങൾ എല്ലാ മുനകളിലും മുന്നോട്ടു കയറുന്നതാണു് കാണുക. ഹോളണ്ടു് മുതൽ സ്വിററ്സർലണ്ടു്വരെ—ജർമ്മൻ അതൃത്തികൾ ആപത്തിലായിട്ടുണ്ടു്; വടക്കൻ ഇററലിയിൽനിന്നു കൈസർലിംഗിന്റെ കീഴിലെ പട്ടാളം അനുഭവിക്കുന്ന ദുരിതം നിറഞ്ഞ കഥകൾ കേൾക്കുന്നു. ആസ്ത്രിയയിൽനിന്നും ഹംഗറിയിൽനിന്നും സഹായത്തിന്നുള്ള നിലവിളി, അതേസമയത്തു റഷ്യക്കാരും ഉൾനാടൻ പട്ടാളക്കാരും (പാർട്ടിസൻ) ഗ്രീസ്സും ജർമ്മനിയുമായുള്ള ബന്ധം മുറിക്കാൻ ശ്രമിക്കുന്നു. ബൾഗേറിയ, റുമേനിയ, യൂഗോസ്ലാവിയയുടെ മുക്കാൽ ഭാഗം ഇവ നഷ്ടപ്പെട്ടുകഴിഞ്ഞു. ജർമ്മൻകാരുടെ കൈവശം ഇനി പോളണ്ടിന്റെ ഒരു ചെറിയ ഭാഗമേ ഉള്ളൂ. ഈസ്റ്റ് പ്രഷ്യ ഉടനെ നഷ്ടപെടുകയും ചെയ്യും. ബാൾടിക്ക് രംഗത്തിൽനിന്നു കേൾക്കുന്നു, ജർമ്മൻകാർ, രക്ഷപ്പെടാൻ ഒരു പഴുതുമില്ലാത്തവണ്ണം റിഗയിലും, ലാററിവയിലുള്ള ടാലിനിലും അടഞ്ഞു കിടക്കുന്നു. ഫിൻലണ്ടിൽ ഒരു വമ്പിച്ച ജർമ്മൻ സേന മഞ്ഞിൽ തണുത്തു കോച്ചിയങ്ങിനെ തെണ്ടിത്തിരിയുന്നു—അത്തും കുപിതരായ റഷ്യക്കാരുടേയും, സ്നേഹിതന്മാരല്ലാത്ത സ്വീഡിഷുകാരുടേയും ഇടയിൽ. എങ്ങു നോക്കിയാലും സഖ്യസേനകളുടെ മുന്നോട്ടുള്ള ഇരച്ചു കയററം ജർമ്മനിയുടെ കഴുത്തിന്നുള്ള കുടുക്കു മുറുക്കിക്കൊണ്ടു തന്നെയിരിക്കുന്നു.

അതിലും കഷ്ടം ജർമ്മനിയുടെ ചങ്ങാതികളെപ്പററിയാണു്. അവരൊക്കെയും, ഒരാളൊരാളായി, ജർമ്മനി പൊളിയാൻ പോവുന്ന ഒരു കപ്പലാണെന്നു് അവർ മനസ്സിലാക്കി ജർമ്മനിയെ ഉപേക്ഷിച്ചു. അതേസമയത്തു വേറൊരു ഫലവും ഇതിന്നുണ്ടു്. ഈ രാജ്യങ്ങളിലുള്ള ജർമ്മൻ നിവാസികളുടെ കാര്യവും, ഈ അകൽച്ച മൂലം പരുങ്ങലിലായി. കൂടാതെ ജർമ്മനിയോടു തീരെ ചങ്ങാതിത്തമില്ലാത്ത രാഷ്ട്രങ്ങളും ഉണ്ടു് അധവാനി— ഡന്മാക്കിനെ എടുക്കുക; അവർ മുമ്പേതന്നെ ജർമ്മനിക്കെതിരായു് ലഹളക്കു പുറപ്പെട്ടു. അവരെ ആർക്കു ആക്ഷേപിക്കാൻ കഴിയും? ജർമ്മനിക്കുള്ളിലെ കഥയോ? അവിടെത്തന്നെ 20 ലക്ഷം വിദേശികളുണ്ടു്. തൊഴിൽശാലകൾ വിട്ടു നാട്ടിലേക്കു പോകുവാനുള്ള ജനറൽ ഐസൻഹോവറുടെ ആഹ്വാനത്തെ ഇപ്പോഴും കൂടെ അവർ ആദരിച്ചു തുടങ്ങിയിട്ടുണ്ടു്.

## പടത്തിൽനിന്നു പഠിക്കുക!

ഇവയൊന്നും കൂടാതെത്തന്നെ ജർമ്മനിയുടെ പരാജയം തികച്ചും അടുത്തുവെന്നു കുറിക്കുന്ന പല സംഗതികളും ഉണ്ടു് കീഴടങ്ങലോ, അല്ലെങ്കിൽ നാശമോ മാത്രം ആധാരമായവരൊഴികെയുള്ള ഹിററ്ലരുടെ പട്ടാളം നല്ല ശക്തരും ധാരാളം സാമഗ്രികളും ഉള്ളവരല്ലതാനും. ലോകത്തിലെ "താഴ്ന്ന" വർഗ്ഗക്കാരുടെ മേൽ ബൂട്ട്സിട്ടു ചവിട്ടിക്കടന്നു ലോകത്തെ ആക്രമിക്കാൻ നിയോഗിതരായവല്ല അവർ. അവക്കു വളരെ മോശമായ സജ്ജീകരണങ്ങളാണുള്ളതു്; ഇന്നത്തെ യുദ്ധത്തിന്നു ഒഴിച്ചുകൂടാൻപാടില്ലാത്ത പല അത്യാവശ്യവസ്തുക്കളും ഇവക്കില്ല. ഉദാഹരണമായി, പെട്രോൾ ഏതൊരു യുദ്ധവും നടത്തണമെങ്കിലും ആവശ്യമാണു്. പെട്രോൾ യുദ്ധത്തിന്റെ പ്രാണരക്തമാണു് അവയെല്ലാം ബോംബിട്ടു നശിക്കപ്പെട്ടു—എണ്ണപ്പാടങ്ങൾ, പാലങ്ങൾ, റെയിൽപ്പാതകൾ, റോഡുകൾ, വിമാനത്താവളങ്ങൾ, എല്ലാം.

ജർമ്മനിയുടെ നില ഇതാണു്. ഇററലിയിലും നോർവ്വേയിലും ജർമ്മൻ പട്ടാളക്കാരുണ്ടു്. നോർവ്വേയിൽ കൂടിയിട്ടുള്ള ജർമ്മൻ പട്ടാളം മുമ്പു വിവരിച്ചിട്ടുള്ളതിലും ഒട്ടും ഭേദമല്ലതന്നെ. അവരെ രക്ഷിക്കുന്നതിന്നു ജർമ്മനിക്കു സാധ്യവുമല്ല. ജർമ്മനിയുടെ കപ്പൽപ്പട വല്ലാതെ നശിച്ചിരിക്കുന്നു. പ്രത്യുത സഖ്യശക്തികളുടെ നാവികബലവും, ആകാശസേനയും വളരെയധികം വർദ്ധിച്ചിരിക്കയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് അവക്കു പേടിയാണു് നോർവ്വെയിലേക്കു പോകാൻ—അവക്കറിയാം, ആ കടൽച്ചാലിൽ കപ്പലിറക്കിയാൽ തവത്തും എന്നു്!

നോർത്ത് ഇററലിയിൽ ജർമ്മൻകാർ കുറച്ചു ഊക്കോടെ പോരാടുന്നതിന്റെ രഹസ്യം ഇതാണ്. വടക്കു ഇററലിയിലുള്ള മൈതാനംമാത്രമാണ് ഇപ്പോൾ ഹിററ്ലർക്കു തന്റെ പാപ്പരായ പട്ടാളക്കാരെ തിററിപ്പോറാനുള്ളതു്. കൂടാതെ ഇതേവരെയും, റഷ്യൻ പട്ടാളത്താൽ പിടിക്കപ്പെടാത്ത ബാൾക്കനിലുള്ള ജർമ്മൻകാരെ രക്ഷിപ്പാനും ഈ വഴിയിലൂടെ സാദ്ധ്യമാണ്.

ഇപ്പോഴും ഹിററ്ലർ വിജയിക്കാനിടയുണ്ടെന്നു കരുതുന്നവർ, ഭൂമിശാസ്ത്രക്ലാസ്സിലോ, അല്ലെങ്കിൽ യൂറോപ്പിന്റെ ഭൂപടമോ, നോക്കട്ടെ. ജർമ്മനിയുടെ പ്രശ്നം പരിഹരിക്കാൻ അവർ നോക്കട്ടെ—ഹിററ്ലരുടെ തലവേദനയും സത്യം ഇതാണ്. ജർമ്മനിയുടെ വിധി മുദ്രവെക്കപ്പെട്ടിരിക്കുന്ന നാശം ദൃത്തിരിക്കുന്നു; അധികം താമസമില്ലാതന്നെ.

(5-ാം പേജിൽനിന്നു തുടർച്ച)

ന്നാൽ അവയിന്മേൽ ചാടിവിടാൻ കാത്തുകൊണ്ടു തയ്യാറായി റഷ്യൻ കടൽപ്പടയും, വിമാനസേനയും നില്ക്കുന്നു. മൂന്നു ആഴ്ചകൾക്കു മുമ്പു ജർമ്മൻകാർ തങ്ങളുടെ നിലയെ ഉറപ്പിക്കുവാൻ ഒരു ശ്രമം നടത്തിയെങ്കിലും തോററു പിൻവാങ്ങേണ്ടിവന്നു. ഉടനെ റഷ്യൻപടയുടെ ബലം അധികരിച്ചു. ടാലിനിലേക്കു നീങ്ങും മുമ്പെതന്നെ ഫിൻലണ്ടിലുള്ള ജർമ്മൻ പട്ടാളത്തെ ചിതറിക്കണമെന്ന ഉദ്ദേശ്യം മാർഷൽ സ്റ്റാലിനും റഷ്യയിലെ യുദ്ധനേതാക്കന്മാർക്കും ഉണ്ടായിരുന്നു. അതനുസരിച്ചു മാത്രമേ അവർ മുന്നോട്ടുള്ള ഗതിയെ നയിച്ചിരുന്നുള്ളൂ. ഇപ്പോൾ ചുവപ്പുസേന സുപ്രസിദ്ധനായ മാർഷൽ ഗോവറോവിന്റെ നേതൃത്വത്തിൽ റിഗയുടെ നേർക്കു ത്വരിതഗതിയിൽ മുന്നോട്ടു പോകുന്നു. ഈ പുരോഗമനം കുനാസുമായി ബന്ധിക്കുന്നതായിരിക്കും. അപ്പോൾ ബാൾക്കൻ രാഗത്തിലുള്ള ജർമ്മൻ പട്ടാളം മുഴുവനും ആപത്തിലകപ്പെടുകയും ചെയ്യും. റുമേനിയയിലുള്ള ടെമിസോറേ എന്ന നഗരം ചുവപ്പുസേന പിടിച്ചെടുത്തു. വർത്തമാനം അധികം പേരും അത്ര സാരമാക്കിയിരിക്കയില്ല. ഈ മുഖ്യതയേറിയ നഗരം ഹങ്കറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിലേക്കുള്ള പ്രധാന റയിൽപ്പാതയിലാണ് സ്ഥിതിചെയ്യുന്നതു്; മാത്രമല്ല, ബ്രാററിലാവയിലേക്കും വിയന്നയിലേക്കും നേരെ കൊണ്ടുചെല്ലുന്ന മദ്ധ്യയൂറോപ്യൻ നത്തിന്റെ ഒരററത്തുമാണ് ഈ മൈതാനഗരം. പടിഞ്ഞാറ് ആല്പ്സ്; വടക്കും കിഴക്കും കാർപ്പത്തിയൻസ്; തെക്കുകിഴക്കു ട്രാൻസിൽവാനിയൻ ആല്പ്സ്; തെക്കു യൂഗോസ്ലാവ് പർവ്വതനിരകളും—ഇങ്ങിനെ നാലുപാടും പർവ്വതങ്ങളാൽ ചുഴന്നുകിടക്കുന്ന ഒരു രാജ്യമാണ് ഹങ്കറി. ഇററലിയിൽനിന്നും ബാൾക്കനിൽനിന്നും ഓടിപ്പോരുന്ന ജർമ്മൻകാർക്കു ഈ മൈതാനത്തിലൂടെ—മദ്ധ്യയൂറോപ്യൻ മൈതാനത്തിൽ കൂടെ-വരണം. ഇക്കാരണത്താലാണ് ഈ മൈതാനത്തിന്നുള്ള മർമ്മസ്ഥാനം. അവിടേക്കു നേരെ പ്രവേശിക്കുവാനുള്ള ഒരു വലിയ ജയമാണ് റഷ്യ നേടിയിട്ടുള്ളതു്. പോളണ്ടിലുള്ള ക്രാക്കോവിൽനിന്നു മൊറേവ്യൻ ഗാപ്പിലൂടെ ഈ മൈതാനത്തിലേക്കു വേറൊരു വഴിയും ഉണ്ടു്. റഷ്യൻ പട്ടാളം ക്രാക്കോവിന്റെ പടിവാതിൽക്കൽ എത്തിയിട്ടുണ്ടു്. ഈ മുനയിലുണ്ടാവുന്ന സംഭവവികാസങ്ങളും സൂക്ഷിക്കുന്നതു രസകരമായിരിക്കും. പണ്ടേ മുതൽ ഹിററ്ലർ സ്വപ്നം കണ്ടിരുന്നു, കിഴക്കോട്ടുള്ള ഒരു പാഞ്ഞു കയററത്തിന്നു്. എന്നാൽ ഇന്നു് ഒരു വലിയ തിരിച്ചടിയാണ് നേരിട്ടിട്ടുള്ളതു്. പരാജിതമായ ഹിററ്ലറുടെ പട്ടാളത്തിന്നു ഇന്നുള്ള ആലോചന പടിഞ്ഞാട്ടുള്ള ഒരു പാഞ്ഞുകയററത്തിന്നാണ്. അതായതു, ഇതുവരെ കിഴക്കോട്ടു പുരോഗമിച്ചതു നിർത്തി, തിരിച്ചു പടിഞ്ഞാട്ടു പിന്തിരിഞ്ഞു ഓടാൻ. ജർമ്മൻകാരുടെ പാഞ്ഞുകയററം ഒരു തല തിരിഞ്ഞ രീതിയിൽ ഒരിക്കലും സാദ്ധ്യമാവാതെയാണ് വരുന്നതു്!

**റൈൻ പിടിക്കുവാനുള്ള യുദ്ധത്തിന്റെ പ്രാധാന്യം**

ജർമ്മനിലെ മുഖ്യമായ വ്യവസായകേന്ദ്രങ്ങളിൽ പ്രവേശിക്കുവാനുള്ള യുദ്ധം ആരംഭിച്ചുകഴിഞ്ഞു. ഹോളണ്ടിൽ ചേർന്ന റൈൻ, മാസ് എന്നീയിടങ്ങളിൽ ജർമ്മനി പ്രബലമായസേനകളെ വിട്ടിരിക്കുന്നതു് സിഗ്ഫ്രീഡ് നിരയിലെ ബലംകുറഞ്ഞ മുനകളാണിവ എന്നു വെച്ചിട്ടുമാത്രമല്ല. സിഗ്ഫ്രീഡ് ഇവിടെ അവസാനിക്കുന്നു. കൂടാതെ, ഇതു ജർമ്മനിയിലേക്കുള്ള ഒരെളുപ്പ വഴിയാണ്. ഉത്തരയൂറോപ്യൻ മൈതാനത്തിലേക്കും പോകാൻ കഴിയും. ഈ മൈതാനം ബർലിൻ, വാർസാ മാത്രമല്ല, റിഗ, ടാലിൻ, ലെനിൻഗ്രാഡ് എന്നീ നഗരങ്ങൾവരേയും നീണ്ടു കിടക്കുന്നുണ്ടു്. എല്ലാററിലുംവെച്ചു് പ്രധാനമായതു്, നിജ്മേജനിൽവെച്ചു നടക്കുന്ന യുദ്ധമാണ്, അതു് റൂർ പിടിക്കാനുള്ള യുദ്ധവുമാണ്. റൈൻ പിടിച്ചാൽ ജർമ്മനിയുടെ ഏററവും വലിയ വ്യവസായകേന്ദ്രം ആപത്തിലാവും.

(ശേഷം 11-ാം പേജിൽ)

# അവരുടെ അവകാശം—ആറടി നിലം

**നമ്മുടെ പട്ടാളക്കാരുടെ ബയണററുമുനകളിൽ കട്ടപ്പിടിച്ച ശത്രുജനങ്ങളുടെ ചോരച്ചുവപ്പ് മനുഷ്യസമുദായത്തിന്റെ മുമ്പിൽ പുലർന്നുവരുന്ന പുത്തൻ പ്രഭാതത്തിന്റെ രക്തച്ഛവിയെയാണ് കുറിക്കുന്നത്.**

ഫാസിസ്റ്റ് ചെന്നായ്ക്കളും അവററയുടെ കൂട്ടുകാരും ലോകത്തിനുചെയ്ത ദ്രോഹങ്ങളെപ്പററി ഓർക്കുമ്പോൾത്തന്നെ ഒരാളുടെ ഹൃദയം മരവിച്ചുപോകും. ലോകത്തിലെ ജനങ്ങളുടെയും, അവർ അരുമയായി പോററിവരുന്ന സകല നേട്ടങ്ങളുടെയും ബദ്ധശത്രുക്കളായ ഇവരുടെ പരാജയം ആസന്നമായിത്തുടങ്ങി. സഖ്യശക്തികൾ ത്വരിതഗതിയിൽ ഫാസിസ്റ്റ് ദുർഭൂതത്തെ ഞെക്കിഞെരുക്കുന്നു. നമ്മളിൽ ഒരു പുതിയ ആശയും ചൈതന്യവും ആവേശവും ഉദിച്ചുവരുന്ന ഈ സന്ദർഭത്തിൽ, ഈ നിർദ്ദയന്മാരുടെ മർദ്ദനത്താൽ നമ്മൾ അനുഭവിച്ചിട്ടുള്ളത് എന്താണെന്ന് ഒന്ന് പര്യാലോചിക്കുക.

എവിടെനിന്നാണ് ഈ മുറിമീശക്കാരനായ കള്ളൻ ഹിററ്ലറും, അവന്റെ കൂട്ടാളികളും വന്നുചാടിയത്? ഭൂമിയുടെ ഒരു പിളർവിൽനിന്ന്; പാതാളത്തിൽനിന്ന്. പാതിയും നശിച്ചു നാറിയ ഒരു സമുദായരീതിയുടെ ചീഴ്ച്ചലിൽനിന്ന്. തോൽവികളുടെയും, ഭ്രഷ്ടന്മാരുടെയും, മന്ദന്മാരുടെയും, ഭ്രാന്തന്മാരുടെയും, കൊലപാതകികളുടെയും, ചോരകുടിയന്മാരുടെയും പാർപ്പിടമായ കുപ്പയിൽനിന്നാണ് ഈ അട്ടകൾ തടിച്ചുകൊഴുത്തത്; അസുരവിത്തുകൾ മുളച്ചുപൊന്തിയത്; ഫാസിസപ്പെരുഞ്ഞാൻ ചിറകുവിടർത്തിയത്. ഈ നിഴൽപ്പാട്ടുകൾ ക്രമേണ വളർന്നുവളർന്നു ലോകത്തെ ഇരുട്ടിലിട്ടടക്കാൻ ശ്രമിച്ചു. അതുവരെയും അങ്ങിങ്ങായി പുൽത്തകിടിയ്ക്കിടയിൽ സർപ്പങ്ങളെപ്പോലെ ഒളിച്ചു കിടന്നിരുന്ന അഞ്ചാംപത്തികൾ പത്തിയുയർത്തി പുറത്തു ചാടി. പേത്താൻ, ലവാൾ, ക്വിസ്ലിംഗ് ഇങ്ങിനെ പല ജാതികളും ഈ സർപ്പവർഗ്ഗത്തിലുണ്ട്.

യൂറോപ്പിലേയ്ക്ക് നാമൊന്നു കണ്ണോടിക്കുക. എന്ത് നാശങ്ങളാണ് ഈ കാട്ടാളന്മാർ വരുത്തിക്കൂട്ടിയിരിക്കുന്നത്! ലണ്ടൻ, പാരീസ്, നെവോഗ്രാഡ് തുടങ്ങിയ എത്രയധികം സംസ്കാരകേന്ദ്രങ്ങൾ, പരിഷ്കാരത്തിന്റെ കലവറകൾ അവർ തീയിട്ടെരിക്കാൻ നോക്കി? ഫാസിസം കലയുടെയും സംസ്കാരത്തിന്റെയും, എന്നുവേണ്ട മനുഷ്യർ ഓമനിച്ചുവരുന്ന എന്തിന്റെയും പരമശത്രുവാണ്. ഫാസിസത്തിന്റെ സ്വഭാവം നശീകരണവും, നരബലിയുമാണ്. രാഷ്ട്രങ്ങളേയും ജനതകളേയും അന്യോന്യം കൂട്ടിയിണക്കുന്ന കലയും സംസ്കാരവും ലോകത്തിന്റെ മഹനീയ നേട്ടങ്ങളാണ്—മനുഷ്യനെ പുരോഗതിയിലേക്കു ആനയിക്കുന്ന നാഴികക്കല്ലുകൾ; മനുഷ്യന്റെ ലളിതാധികാരങ്ങളേയും, സൗന്ദര്യബോധത്തേയും തൃപ്തിപ്പെടുത്തുന്ന തണ്ണീർപ്പന്തലുകൾ. ബക്കിങ്ഹാം രാജധാനിയുടെയും, നോട്ടർഡാം പള്ളിയുടേയും, ക്രെംലിൻ കെട്ടിടത്തിന്റെയും ശില്പകലയുടെ അഴക് ആരെ ആകർഷിക്കില്ല? ഷേക്സ്പിയരുടെയും ടോൾസ്റ്റോയിയുടെയും വിക്ടർയൂഗോവിന്റെയും വിശിഷ്ട കൃതികൾ ഏതൊരാളെയാണ് കോൾമയിർക്കൊള്ളിക്കാത്തത്? "സംസ്കാരം എന്നു കേൾക്കുമ്പോൾ എനിക്കു തോക്കെടുക്കാൻ തോന്നുന്നു" ഗോയറിങ്ങ് പറയുകയാണ്. പക്ഷെ ഇന്ന് മനുഷ്യസംസ്കാരം അതിന്റെ വിരോധികളായ ഗോയറിങ്ങിന്റെയും കൂട്ടുകാരുടെയും നേർക്കാണ് തോക്കെടുത്തിരിക്കുന്നത്. നഗ്നമായ മൃഗീയത, കാട്ടാളത്തരത്തിന്റെ പേക്കൂത്ത്, ഫാസിസ്റ്റുകാരുടെ സംസ്കാരമെന്നാലിതാണ്.

ജർമ്മനിയിൽ ഈ കിരാതന്മാർ അധികാരത്തിൽ വന്നപ്പോൾ ആദ്യംചെയ്ത കൃത്യമിതാണ്: ജർമ്മൻ പാർല്ലിമെണ്ടിന്നു തീവെക്കുക, അന്നാട്ടിലെ ബുദ്ധിശാലികളെ ആട്ടിയകററുക, അവരുടെ മഹനീയ ഗ്രന്ഥങ്ങൾ വെണ്ണീറാക്കുക, ജനകീയ സംഘടനകൾ തല്ലിത്തകർക്കുക, അങ്ങിനെ അടിമത്തത്തിലേക്കും അജ്ഞതയിലേക്കും നാട്ടിനെ ആഴ്ത്തുക. സ്വന്തം നാട്ടിൽ ഈ "ദൈവദത്തമായ കൃത്യം" നിർവ്വഹിച്ചതിന്നുശേഷം, ഈ ചെകുത്താൻ മറുനാടുകളെ ആക്രമിച്ചു. ഫാസിസ്റ്റുകൾക്കു ജീവിക്കുക എന്നുവെച്ചാൽ യുദ്ധം ചെയ്യുക എന്നാണർത്ഥം. മററുള്ളവരെ ദ്രോഹിക്കുക, മനുഷ്യസമ്പാദ്യങ്ങളെ നശിപ്പിക്കുക, ആര്യൻ മേധാവികളുടെ പരിഷ്കരണമുറകളാണിത്! കിറുക്കനായ ആ കമ്മായംതേപ്പുകാരനു ദൈവം നിയോഗിച്ചതാണ് ഈ പരിഷ്കൃത കൃത്യം പോലും!

ഈ ചെകുത്താന്മാർ മനുഷ്യസമുദായത്തോടു ചെയ്ത നിഷ്ഠൂരതയും അക്രമവും അളവററതാണ്. മനുഷ്യസഹജമായ സഹതാപം, ദയ എന്നീ വികാരങ്ങൾ, മനുഷ്യരൂപത്തിലുള്ള ഫാസിസ്റ്റുമൃഗങ്ങളെ ബാധിച്ചിട്ടേയില്ല. പിടിച്ചടക്കപ്പെട്ട ദേശങ്ങളിൽ എത്ര പിഞ്ചുപൈതങ്ങളുടെ കഴുത്തിലാണ് ഇവർ കത്തി വെച്ചിരിക്കുന്നത്? സ്ത്രീകളും വൃദ്ധന്മാരും പോകട്ടെ; ആർക്കെങ്കിലും നെഞ്ചു പൊള്ളാതാകുമോ, പുലരിത്തുടുപ്പിൽ പുളച്ചു പാറുന്ന പൂമ്പാററകളെപ്പോലെ, ജീവിതത്തിലേക്ക് രാത്തി കാലെടുത്തുവെക്കുന്ന കരുന്നു കഴുത്തുകൾ ഞെരുക്കാൻ. റഷ്യൻ യുദ്ധരംഗത്തിൽ തടവുകാരനാക്കിപ്പിടിച്ച ഒരു ജർമ്മൻ ആപ്പീസരുടെ ഡയറിയിലെ ഒരു ഭാഗമാണ് താഴെ ഉദ്ധരിക്കുന്നത്: "തലവേദന അനുഭവിക്കാത്തവർക്ക് അതിന്റെ നോവു എത്രയുണ്ടെന്ന് അറിയാൻ മേലാ. എന്റെ മുമ്പിൽനിന്നു സ്നേഹത്തെപ്പററി ആരെങ്കിലും പറയുമ്പോൾ ഞാൻ പകച്ചുനില്ക്കുന്നു. ഞാനൊരാളേയും സ്നേഹിക്കുന്നില്ല. ഒരു സ്ത്രീയേയോ, സ്നേഹിതനേയോ, സർവ്വോപരി കുട്ടികളേയോ സ്നേഹിക്കുന്ന ആ വികാരം ഒരു സാഹസമാണെന്നു ഞാൻ വിശ്വസിക്കുന്നു." ഈവിധം ഹൃദയശൂന്യരും, ഉള്ളു പൊള്ളയായവരുമാണ് ഫാസിസ്റ്റുകൾ. ഇവർ യൂറോപ്പിനെ കീഴടക്കിയെന്നു പറഞ്ഞാൽ പിന്നത്തെ കഥയെന്തായിരിക്കും. ഇപ്പോൾത്തന്നെ ഇവരുടെ ക്രൂരതയുടെ ഫലം എത്രയധികമാണ്. സീൻ, തെംസ്, വോൾഗ, ഡാന്യൂബ് എന്നീ നദികളിലെ വെള്ളം അമ്മമാരുടേയും, വിധവകളുടേയും കണ്ണീർത്തുള്ളികളാൽ ഇന്നു പുളിച്ചിരിക്കുന്നു; മനുഷ്യ രക്തത്താൽ യൂറോപ്പിലെ മതിൽക്കെട്ടുകൾ പോലും ചെഞ്ചായം പൂശിയിരിക്കുന്നു!

സ്ത്രീകൾക്കറിയാം ഒരു സന്താനലബ്ധിക്കായി എത്രമാത്രം കഷ്ടപ്പാടു അനുഭവിക്കണമെന്ന്. കുട്ടിയെ രോഗത്തിൽനിന്ന് സൂക്ഷിക്കണം; അങ്ങുമിങ്ങും ആ വികൃതിക്കുട്ടൻ ഉരുണ്ടുവീഴാതെ കാക്കണം; എപ്പോഴും മുലകൊടുത്തും കൊഞ്ചിയും താരാട്ടിയും ഇരിക്കണം. തങ്ങളുടെ പിഞ്ചുപൈതൽ കൊഞ്ചിക്കുഴയുമ്പോൾ, "അമ്മാ" എന്നാദ്യം വിളിക്കുമ്പോൾ, പിച്ചവെക്കാൻ തുടങ്ങുമ്പോൾ, അമ്മയുടെ അടുക്കൽനിന്നു അച്ഛന്റെ അരികിലേക്കു മുട്ടുകുത്തിയിഴയുമ്പോൾ, മാതാപിതാക്കന്മാർക്കു എന്തൊരാനന്ദമാണുണ്ടാവുന്നത്? ആർക്കറിയാം അമ്മയുടെ മടിത്തട്ടിലിരുന്ന് വിരൽത്തുമ്പു കടിക്കുന്ന ഈ വികൃതിക്കുട്ടൻ ഒരു മഹാനാവില്ലെന്ന്? ഒരുപക്ഷെ, ഒരു ടോൾസ്റ്റോയ്, ചർച്ചിൽ, സ്റ്റാലിൻ, ഐൻസ്റ്റീൻ. ഇങ്ങിനെയുള്ള എത്ര എത്ര കിടാങ്ങൾ പിഴുതെറിയപ്പെട്ടു? ജീവിതത്തിന്റെ പ്രഭാതത്തിൽ, മുളയിൽനിന്നു കൂമ്പെടുക്കുംമുമ്പുതന്നെ, ചവിട്ടിത്തേയ്ക്കപ്പെട്ടു. ഫാസിസ്റ്റ് സൈന്യം ഓരോ ഗ്രാമങ്ങളിൽനിന്നും ജനങ്ങളെ കൊന്ന്, ലോറികളിൽ 'കാബേജ്' കയററുംപോലെ ശവങ്ങൾ കൊണ്ടുതള്ളി. അഹോ! പൈശാചികമായ ഒരു മനുഷ്യക്കൊയ്ത്ത്!!

ഈ ദുരിതങ്ങളുടെ അവസാനം കണ്ടുതുടങ്ങി. ലോകത്തിലെ ജനതകളുടെ ഏകീകൃതമായ സമരം ഫാസിസത്തിന്റെ അടി പുഴക്കിക്കഴിഞ്ഞു. ഈ ദുർഭൂതത്തിന്റെ ശവക്കുഴി കുത്തുകയാണ് ഇന്ന് യൂറോപ്പിൽ വിജയം വരിച്ചു മുന്നോട്ടാഞ്ഞു കയറുന്ന നമ്മുടെ വീരന്മാരായ പടയാളികൾ. ലോകത്തിന്നു പുരോഗമനം വേണം; ജനങ്ങൾക്കു സ്വൈരമായി ജീവിക്കണം; സമുദായത്തിന്നു വികസിക്കണം; ഈ ലക്ഷ്യപ്രാപ്തിക്കു ഫാസിസ്റ്റ് ചെന്നായ്ക്കൾ ചത്തുമണ്ണടിയുകയും വേണം. എത്ര വേഗത്തിലാണ് വീമ്പും വമ്പും ഇളകിയിരുന്ന ഹിററ്ലറും അയാളുടെ വാലിത്തുണ്ടികളും തോററു പമ്പരം ചുററുന്നത്! ലണ്ടനും, മോസ്കോവും പിടിക്കാൻ കൊതിച്ചു വായിൽ വെള്ളം നിറച്ച ഈ കള്ളനും കൂട്ടാളികളും ഇന്നു കണ്ണീരൊഴുക്കുന്നു.

ജർമ്മൻകാർക്കു ജീവിക്കാൻ സ്ഥലം വേണം! ഇതായിരുന്നു ഹിററ്ലറുടെ മുദ്രാവാക്യം; എന്നുവെച്ചാൽ മററുള്ള ജനങ്ങളുടെ നെഞ്ചിൽ കയറിയിരിക്കണം. ഫാസിസ്റ്റുകൾക്കു കുറച്ചു സ്ഥലം ആവശ്യമാണ്. ഇതു വളരെ ന്യായമായ അവകാശമാണ്; ജന്മാവകാശമല്ല, പിന്നേയോ? മരണാവകാശം. സഖ്യശക്തികൾ ഈ അവകാശം അനുവദിക്കും. അതേ ഓരോ ഫാസിസ്റ്റ് കാട്ടാളനും അവസാനമായി വിശ്രമിക്കാൻ കുറച്ചു മണ്ണ്—അവററയുടെ ശവം മറവുചെയ്യാൻ ആറടി നിലം! ജീവിക്കാനല്ല മരിക്കാൻ സ്ഥലം!

നമ്മുടെ പട്ടാളക്കാരുടെ ബയണററുമുനകളിൽ ഊററിപ്പിടിച്ച ശത്രുക്കളുടെ ചോരച്ചുവപ്പ്, മനുഷ്യസമുദായത്തിന്റെ മുമ്പിൽ പുലർന്നുവരുന്ന ഒരു പുത്തൻപ്രഭാതത്തിന്റെ രക്തച്ഛവിയാണ്.

# ജാപ്പു യുദ്ധപ്പിശാചുക്കളുടെ പേടി

ജർമ്മനിമാത്രമല്ല ഇന്നു പേടിച്ചുകൊണ്ടു ഇരിക്കുന്നതു്. ജപ്പാനും ഭയം കുടുങ്ങിയിട്ടുണ്ടു്. തങ്ങളുടെ നാശം ആസന്നമായെന്ന നിപ്പണിലെ നിവാസികൾക്കും മനസ്സിലാവാൻ തുടങ്ങിയിരിക്കുന്നു.

ജപ്പാനു കാണാൻ സാധിക്കുന്നുണ്ടു് അമേരിക്ക ശാന്തസമുദ്രത്തിൽ എത്രയധികം മുന്നോട്ടു കയറിട്ടുണ്ടെന്നു്; ആയുധങ്ങളും ആളുകളും നിറഞ്ഞ കപ്പലുകൾ ധാരാളം വന്നുകൊണ്ടിരിക്കുന്നുണ്ടെന്നു്. ഇതേവരേയും ടോജോ ജപ്പാനിലെ ജനങ്ങളോടു് വീമ്പു പറഞ്ഞു, പല വാഗ്ദത്തങ്ങളും ചെയ്തു. എന്നാൽ ടോജോവിന്റെ പിൻഗാമി കൊയിസോവിന്റെ സ്വരം തികച്ചും മാറിയിട്ടുണ്ടു്. ആപൽസൂചനകൾ അടങ്ങിയ ഉപദേശങ്ങളും ഭയം ഉണ്ടാക്കുന്ന പ്രസ്താവനകളുമാണു് ഇന്നത്തെ പ്രധാനമന്ത്രിയിൽനിന്നു ജാപ്പാൻകാർക്കു കിട്ടിക്കൊണ്ടിരിക്കുന്നതു. അവിടെ ഇപ്പോൾ തകൃതിയായി ആകാശാക്രമണത്തിൽനിന്നു രക്ഷ നേടാനുള്ള ഏർപ്പാടുകളും മററും ചെയ്തുവരികയാണു്. സഖ്യശക്തികളുടെ ബോംബു് എപ്പോഴാണു തലയിൽ വീഴുക എന്നാണവരുടെ ഭയം. ജപ്പാനും മനസ്സിലാവുന്നുണ്ടു് ഈ വാസ്തവം, അതായതു്, ആക്സിസ് കൂട്ടുകെട്ടിലെ വലിയ പങ്കാളിയെ യൂറോപ്പിൽ നശിപ്പിക്കുന്ന സംരംഭത്തിൽ ഐക്യരാഷ്ട്രങ്ങൾ പസഫിക് പ്രദേശങ്ങളിലെ കാര്യം മറന്നിട്ടില്ലെന്നു്. ഓരോന്നായി ജാപ്പാന്റെ താവളങ്ങളെ തകർത്തുകൊണ്ടുതന്നെ ഇരിക്കുന്നു.

ഐക്യരാഷ്ട്രങ്ങൾക്കു ഇപ്പോൾ ജപ്പാനീസ് താവളങ്ങളെ, പാരമുഷിരോ മുതൽ നിതർലണ്ടു വരേയും, കാരോലിൻസ് മുതൽ ബർമ്മവരേയും, ബോംബിടാനുള്ള സൌകര്യമുണ്ടു്. ബോംബേറുകൾ മുഖ്യമായ മർമ്മസ്ഥലങ്ങളിലും സൈനിക പ്രാധാന്യമുള്ള ഇടങ്ങളിലുമായിരിക്കും. അതു കുറച്ചുകാലത്തേക്കു ശത്രുവെ ചിന്നിച്ചിതറിക്കുകയും കുഴപ്പത്തിലാക്കുകയും ചെയ്യും. ഈ തുടരെത്തുടരെയുള്ള ബോംബേറുകൾ ചിലപ്പോൾ സൈന്യങ്ങളെ ഇറക്കുന്നതിന്റെ മുന്നോടികളുമായിവരാം. കടലിലും ആകാശത്തിലും സഖ്യശക്തികൾക്കുള്ള ശക്തിയാധിക്യം ഈ തന്ത്രം സാദ്ധ്യമാക്കാനിടയുണ്ടു.

ജപ്പാൻകാർക്കു ഇന്നു ഏററവും പേടി ആകാശത്തിൽനിന്നാണു്. അത്ര ആസന്നമല്ല മററു എതു അപായങ്ങളും. തീബോംബുകൾ ജപ്പാനിലെ ജനബഹുലമായ നഗരങ്ങളിൽ വീഴുകയും അങ്ങിനെ "തീപ്പെട്ടിക്കൂടുപോലെ"യുള്ള ജപ്പാൻകാരുടെ വീടുകൾ കത്തി ജ്വലിക്കുകയും ചെയ്യുക. ഇതു ലോകം മുമ്പു കണ്ടതിനേക്കാളെല്ലാം ഭയാനകമായ ഒരു കാഴ്ചയായിരിക്കും.

ജപ്പാൻകാർ അവരുടെ വ്യവസായകേന്ദ്രങ്ങളും, പെരുത്ത ഉല്പാദന സ്ഥലങ്ങളും എത്ര തന്നെ ഉൾനാട്ടിലേക്കു മാററിയാലും, ടോക്കിയോ, യോക്കഹാമ, ഹാക്കൊഡേററ്, നാഗസാകി തുടങ്ങിയ വ്യവസായകേന്ദ്രങ്ങൾ വളരെ പ്രാധാന്യമുള്ളവയാണു്. ജപ്പാനിലെ വ്യവസായകേന്ദ്രം ഏതാണ്ടു റോഡ് ദ്വീപുകളോളം വലിപ്പമുള്ളതാണു്. ഒരുപക്ഷെ ലോകത്തിലൊരിടത്തുംതന്നെ ഇത്രയധികം കേന്ദ്രീകൃതമായ ഒരു ഉന്നം ഉണ്ടെന്നു തോന്നുന്നില്ല. ഹൽമഹേരാ ദ്വീപുകളിൽ സഖ്യസൈന്യം ഇറങ്ങിയതായി ടോക്കിയോ റേഡിയൊതന്നെ പ്രസ്താവിക്കുന്നു. വീല്ല ദ്വീപുകളിലും അമേരിക്കൻ സേനയുടെ വിജയം ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നു. മനിലമേലുള്ള ആകാശാക്രമണം നിമിത്തം ജപ്പാൻകാർക്കു 35 യുദ്ധകപ്പലുകളാണു് നഷ്ടപ്പെട്ടിരിക്കുന്നതു്. മനില ഫിലിപ്പൈൻ ദ്വീപുകളുടെ തലസ്ഥാനമാണു്. ആദ്യത്തെ ആകാശാക്രമണത്തിൽ തന്നെ ശത്രുക്കളുടെ 205 വിമാനങ്ങളും നശിപ്പിക്കാൻ സാധിച്ചു. ജപ്പാൻകാർക്കു ഈ സംഭവഗതികളൊക്കെ കണ്ടു വല്ലാത്ത അമ്പരപ്പും പരിഭ്രമവും അന്ധാളിപ്പും ആയിത്തുടങ്ങിയിരിക്കുന്നു. സഖ്യസേനകൾ ഫിലിപ്പൈൻ ദ്വീപുകളെ ഉടനെ ആക്രമിക്കാനിടയുണ്ടെന്നു ടോക്കിയോ റേഡിയോ സംശയം പ്രകടപ്പിക്കുന്നു. വേറൊരു റിപ്പോർട്ടുപ്രകാരം, ഹൽമഹേരാ ദ്വീപുകളിൽനിന്നു ജാപ്പുകൾ ഒഴിച്ചുപോകുന്നതായും കാണുന്നു. ഫിലിപ്പൈനിൽ പട്ടാളനിയമം പാസ്സാക്കിയതായി ഒരു ജാപ്പു വാർത്താകേന്ദ്രം വെളിവാക്കുന്നു. ജപ്പാന്റെ ഫിലിപ്പൈനിലുള്ള പാവഗവർമ്മെണ്ടിന്റെ തലവനായ ജോസഫ് ലോറൽ ഒരു പ്രഖ്യാപനം മൂലം, "ആസന്നമായ ആക്രമണത്തിന്നെതിരായ നടപടികളെടുക്കാൻ" തീർച്ചപ്പെടുത്തിയിരിക്കുന്നുവത്രേ!

ഒരു പക്ഷെ അമേരിക്കൻ പട ചൈനീസ് തീരത്തിൽ ഇറങ്ങുന്നതിന്നു മുമ്പെതന്നെ ജപ്പാനീസ് ദ്വീപുകൾ ബോംബിട്ടുമെന്നു പ്രതീക്ഷിക്കുന്നുണ്ടാവാം. അതാണു് അവർക്കു കൂടുതൽ പേടിയുണ്ടാക്കുന്നതു്. ജപ്പാനിലെ യുദ്ധത്തലവന്മാർക്കറിയാം, ബർലിനും, ഹാംബർഗ്ഗിനും എന്താണു സംഭവിച്ചതെന്നു്. 80,000,000 ചക്രവർത്തിയാരാധകന്മാരായ ജപ്പാൻകാരിൽനിന്നു അവർ ഈ സത്യം മറച്ചുവെച്ചിരിക്കുന്നു; പക്ഷെ ഈ തലവന്മാർക്കു അവരുടെ സ്വന്തം ഭയം മറച്ചുവെക്കാൻ കഴിയുന്നില്ല. ആ പേടി പുറത്തു ചാടുന്നു. ഇതേവരെയും മററു രാജ്യക്കാരെ ആക്രമിച്ചും, ഭീഷണിപ്പെടുത്തിയിരുന്ന ആ സ്വരം ഇന്നു് സ്വന്തനാട്ടുകാർക്കു ആപൽസൂചകങ്ങളായ താക്കീതുകളും ഉപദേശങ്ങളും നൽകുകയാണു്. ഇതുതന്നെയാണു് എത്ര മാത്രമാണു് അവർ പേടിച്ചു വിറക്കുന്നതു് എന്നതിന്നു സാക്ഷ്യം വഹിക്കുന്നതു്.

# മറക്കപ്പെട്ട റിപ്പബ്ലിക്ക

നിങ്ങളെല്ലാവരും അതിശയിക്കും, ഫാസിസ്റ്റ് ഇററലിയിൽ സ്വതന്ത്രമായ ഒരു റിപ്പബ്ലിക്ക് ഉണ്ടായിരുന്നുവെന്നു കേൾക്കുമ്പോൾ. എന്നാൽ സഖ്യശക്തികൾ ഈയിടെ ഈ രാജ്യം സന്ദർശിക്കുകയുണ്ടായി. റിമിനിയിൽനിന്നു പോ താഴ്വരയിലേക്കു പോകുന്ന വഴിയിലാണു് ഈ സ്വയംഭരണമുള്ള രാജ്യത്തു് സഖ്യസേനകൾ എത്തിച്ചേർന്നതു്. ഇന്നും ഈ രാജ്യം ജർമ്മനിയുടെ ശത്രുവാണു്. മുസ്സോളിനി ഹിററ്ലരുടെ കയ്യാളായി ഇററലിയിൽ വാഴ്ച നടത്തുമ്പോൾ കൂടേയും, ഇററലിയിലുള്ള ഈ ചെറുരാജ്യം ജർമ്മനിയുടെ ശത്രുവായിരുന്നു. ഈ റിപ്പബ്ലിക്ക് 1915ൽ ജർമ്മനിയോടു യുദ്ധം പ്രഖ്യാപിച്ചു. അതിൽ പിന്നീടു സന്ധിയായിട്ടേ ഇല്ല. വർസേയിൽസിൽ, യുദ്ധാനന്തരം സമാധാനത്തിന്നും ഒത്തുതീർപ്പിന്നുമായി സമ്മേളിച്ച പ്രതിനിധികൾ ഈ ചെറു രാജ്യത്തെപ്പററി അകെ മറന്നുപോയത്രെ! വർസേയിൽസ് ഉടമ്പടിയിൽ ഒപ്പിടാത്തതുകാരണം, ഈ രാജ്യം 1915 മുതൽ ഇന്നുവരേയും ജർമ്മനിയുമായി ശത്രുഭാവത്തിലാണു് വർത്തിച്ചുവരുന്നതു്!

യൂറോപ്പിലെ ഏററവും ചെറിയ ഈ രാജ്യത്തിന്റെ വിസ്തീർണ്ണം 23 ച. നാഴിക മാത്രമാണു്. സാൻമാറിനോ എന്നാണു് ഈ രാജ്യത്തിന്റെ പേർ. സാൻമാറിനോ ഇററലിയോടു ചോദിക്കാതെ സ്വന്തമായിത്തന്നെ രാഷ്ട്രീയ തീരുമാനങ്ങൾ ചെയ്യാറുണ്ടു്. ഫാസിസ്റ്റുമായി വലിയ ബന്ധമില്ലാതേയും ഫാസിസ്റ്റ് യൂനിഫോറങ്ങൾ അപൂർവ്വമായിമാത്രം കാണപ്പെടാറുള്ളതുമായ ഒരു രാജ്യം, വത്തിക്കാൻ കഴിച്ചാൽ പിന്നെ സാൻമാറിനോ മാത്രമാണു്. മദ്ധ്യദശയിൽത്തന്നെ സാൻമാറിനോ സ്വാതന്ത്ര്യം സമ്പാദിച്ചു; 1631ൽ മാർപ്പാപ്പ തിരുമേനി അതു് സുസ്ഥിരപ്പെടുത്തുകയും ചെയ്തു.

ഈ രാജ്യത്തിന്നുമുണ്ടു് ഒരു സൈന്യം—അതിർത്തി കാവൽക്കാരും കസ്റ്റംസ് ഉദ്യോഗസ്ഥന്മാരും അടങ്ങിയ 80 പേരുള്ള ഒരു പട്ടാളം! ഭരണം നടത്തുന്നതു് ഗ്രേയിററ് കൌൺസിൽ എന്ന പേരിലുള്ള സഭമൂലമാണു്. ഈ സഭയിൽ തിരഞ്ഞെടുക്കപ്പെട്ട 60 മെമ്പർമാരുണ്ടു്; ഈ മെമ്പർമാരിൽ രണ്ടു പേർ കാപ്റ്റൻ റീജൻറ് എന്ന സ്ഥാനത്തിൽ വർത്തിക്കുന്നു. റിപ്പബ്ലിക്കിലെ ആകെ ജനസംഖ്യ 10,000 ആണു്. ഇതിൽ 2,000 പേർ തലസ്ഥാന നഗരത്തിലാണു് താമസം. തലസ്ഥാനത്തിന്റെ പേരും സാൻമാറിനോ എന്നുതന്നെയാണു്. ഈ സ്ഥലം സ്ഥിതിചെയ്യുന്നതു് ഒരു ഉയർന്ന പാറപ്രദേശത്താണു്. അവിടുത്തെ മുഖ്യ ഉല്പാദനം കൃഷിയാണു്. മധുരനാരങ്ങയും, മുന്തിരിങ്ങയുമാണു് പ്രധാന ഉല്പന്നങ്ങൾ.

സാൻമാറിനോവിലെ ദാരിദ്ര്യം പ്രസിദ്ധമാണു്. വളരെ സമ്പൽസമൃദ്ധിയില്ലാത്ത അപ്പെനെയിൻ [illegible]ക്കൂടെ 'സാൻമാറിനോവിലെ ദാരിദ്ര്യം' എന്നതു് ഒരു പഴഞ്ചൊല്ലാണു്. രാജ്യഭണ്ഡാരം തടിപ്പിക്കാൻവേണ്ടി അവിടുത്തെ ഗ്രേററ് കൌൺസിൽ ഒരു സൂത്രം ഉപയോഗിക്കാറുണ്ടു്. മാനികളും കുബേരന്മാരുമായ വിദേശികളെ ഉയർന്ന പദവികളും സ്ഥാനമാനങ്ങളും നല്കി പ്രലോഭിപ്പിക്കുക. ഈ ഇടപാടുകളിൽവെച്ചു് ഏററവും പ്രസിദ്ധമായതു് ഒരു അമേരിക്കൻ വനിതയെ സംബന്ധിച്ചതാണു്. അവർ ഈ നാട്ടിലേക്കു വന്നതുതന്നെ പ്രഭ്വി എന്നോ മററൊ വലിയൊരു സ്ഥാനപ്പേർ കൈക്കലാക്കണമെന്ന ഉദ്ദേശത്തോടെയാണു്. ഈ സ്ത്രീ ഗ്രേററ് കൌൺസിലുമായി ഒരു കരാർ ചെയ്തു. സാൻമാറിനോവിൽ കുഴൽവഴിയായി കുടിക്കാനുള്ള വെള്ളം കൊണ്ടുവരുന്നതിന്നു സൌകര്യപ്പെടുത്താമെന്നു്. അതേവരേയും അന്നാട്ടിൽ കിണറുവെള്ളമേ ഉണ്ടായിരുന്നുള്ളു. ഈ സഹായത്തിന്നു പകരമായി കൌൺസിൽ അമേരിക്കൻ സ്ത്രീക്കു 'വെള്ളത്തിന്റെ റാണി' എന്ന ഒരു വലിയ സ്ഥാനപ്പേരും കൊടുത്തു!! രാജ്യത്തിന്നു പണവുമായി; അമേരിക്കൻ സ്ത്രീക്കു വലിയ ഒരു സ്ഥാനപ്പേരുമായി! സാൻമാറിനോ ഇപ്പോൾ ജർമ്മനിയുമായി വീണ്ടും യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു!

(8-ാം പേജിൽനിന്നു തുടച്ച്)

ഈ പ്രദേശത്താണ് സഖ്യശക്തികളുടെ വിമാനസേന ഏററവും വമ്പിച്ച ആക്രമണം നടത്തിയിട്ടുള്ളത്. ഇപ്പോൾ ഈ പേരെല്ലാം പരിചിതമായിരിക്കുന്നു. ഹാം, ഗൽസങ്കിർഷൻ, ഡോർട്ട്മണ്ട്, എസ്സൻ, മുൾഹീം ഡസ്സൽഡോഫ് ഇവയെല്ലാം പത്രങ്ങളിൽ നമ്മളൊക്കെ പലപ്പോഴും കണ്ടിട്ടുണ്ട്. റൈനിന്റെ വളരെ അടുക്കലായിട്ടാണ് ഏററവും സുപ്രസിദ്ധമായ ഉന്നങ്ങൾ—കൊളോൺ, ബോൺ, കോബ്ലൻട്സ് തുടങ്ങിയ വ്യവസായിക നഗരങ്ങൾ. ഈ കേന്ദ്രങ്ങൾ പിടിച്ചാൽ അത് ജർമ്മനിക്കു മരണദണ്ഡനം ആയിരിക്കും. വിമാനവാഹിനീസേനയിലെ വീരന്മാരായ പടയാളികൾ ആൺണ്ണം മുനയിൽ ഈ യുദ്ധത്തിൽവെച്ചു ഏററവും കടുത്ത ഒരു സമരത്തെയാണ് അഭിമുഖീകരിച്ചിരിക്കുന്നത്. തന്മൂലം കഴിയുന്ന വേഗം തന്നെ ലണ്ടൻ അവർക്ക് ഒരു സൽക്കാരം നടത്താൻ ഉദ്ദേശിക്കുന്നുവത്രെ. ശത്രുക്കൾ ഈ ധീരയോധാക്കളെ ഒററപ്പെടുത്താൻ ശ്രമിച്ചത് നിഷ്ഫലമായി. ഈ സംഗതിതന്നെ പ്രോത്സാഹജനകമാണ്. ഇതു ഏതായാലും ജർമ്മനിക്കു മർമ്മത്തിൽകൊണ്ട ഒരു യുദ്ധമാണ്. 400 നാഴിക നീണ്ടുകിടക്കുന്ന യുദ്ധരംഗത്തിന്റെ മററു മുനകളിൽനിന്ന് കുറച്ചു വർത്തമാനങ്ങളെ ലഭിക്കുന്നുള്ളു. മോസല്ലേ മുനയിൽ കടുത്ത പോരാട്ടം ഉണ്ടെന്നു കേൾക്കുന്നു. അവിടെ സഖ്യശക്തികൾക്ക് സാമാന്യമായ പുരോഗതിയുണ്ടായിട്ടുണ്ട്.

**ഇററലിയിൽ കെസർലിങ്ങിന്റെ അന്തംവിട്ട നില.**

ഒരു മാസം നിലനിന്ന കഠോര സമരത്തിന്നു ശേഷം റിമിനി സഖ്യശക്തികളുടെ വശമായി. ഗോതിക്ക് നിരയും അതോടുകൂടി ഭേദിക്കപ്പെട്ടു. ജനറൽ അലക്സാന്തരുടെ നേതൃത്വത്തിൽ സഖ്യസേനകൾ വടക്കെ ഇററലിയിലെ മൈതാനങ്ങളിലേക്കും ബോളോണയിലേക്കും എത്താനുള്ള കുതിച്ചുകയററം ആരംഭിക്കുകയാണ് ഇപ്പോൾ. കൈസർലിങ്ങിന്നു രക്ഷപ്പെടാമെന്ന് ആശിക്കാൻ യാതൊരു വഴിയുമില്ല. തന്മൂലം അവസാനമായി അയാൾ ഒന്ന് കിണഞ്ഞു ചെറുത്തുനില്ക്കുമെന്നുള്ളതു് തീർച്ചയാണ്. അയാൾക്കു രക്ഷപ്രാപിക്കാനുള്ള ഒരേ മാർഗ്ഗം ട്രീസ്റ്റെ വഴിക്കും ആസ്ത്രിയയിലേക്കും ഹങ്കറിയിലേക്കും പോകുന്ന ചുരങ്ങളിലൂടേയും ഉള്ള മാർഗ്ഗമാണ്. പിൻവാങ്ങുന്ന ഒരു പട്ടാളത്തിന്ന് ആൽപെയിൻ ചുരങ്ങൾ സുരക്ഷിതങ്ങളല്ല. ഇററലിയിലുള്ള ജർമ്മൻ യുദ്ധതന്ത്രം ആകപ്പാടെ നോക്കിയാൽ സമയം നേടാനുള്ള നയം മാത്രമായി തോന്നും.

**നാസികൊലയാളികൾ ഒന്നുംതന്നെ രക്ഷപ്പെടുകയില്ല.**

ഹിററ്ലറുടെയും ഉയർന്ന-താഴ്ന്ന തെന്നു പറഞ്ഞാലൊ—നാസികളുടേയും ഭാവിയെപ്പററി പല സംശയങ്ങളും പൊന്തിവന്നിട്ടുണ്ട്. അവർക്ക് ന്യായപ്രകാരമുള്ള ശിക്ഷയിൽനിന്നു രക്ഷപ്രാപിക്കാനുള്ള അവരുടെ ശ്രമത്തെ തടയുവാൻ സർവ്വ പരിഷ്കൃതങ്ങളായ പരിശ്രമങ്ങളും തുടരുന്നതാണെന്ന് പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ന്യൂസ്പേപ്പർ സീററങ്ങ് എന്ന സ്വീഡിഷ് പത്രത്തിൽ "നിന്ദ്യമായ സ്വഭാവത്താലും സ്വീഡന്റെ താല്പര്യത്തിന്നു ആപൽക്കരവും ഹാനികരവും ആയ കൃത്യങ്ങളിലേർപ്പെട്ടിരിക്കുന്നവർക്കും അഭയസ്ഥാനം നൽകുന്നതല്ലെന്നു" എഴുതിയിരിക്കുന്നു. മനസ്സാക്ഷിയോടുകൂടിയ, പരിഷ്കൃതമെന്നു പറയപ്പെടുന്ന ഒരു രാഷ്ട്രത്തിന്നും നാസികൾക്ക് അഭയം നൽകാൻ സാദ്ധ്യമല്ല. ഹിററ്ലർ, ഗൊയറിങ്ങ്, ഗൊബൽസ് തുടങ്ങിയവരും അവരുടെ ക്രൂരന്മാരായ കൂട്ടാളികളും സഹായികളും ഒരു വിധത്തിലും രക്ഷപ്പെടുകയില്ലതന്നെ.

പോരിന്നവസാനം കാണാറായ് തോഴരേ!
പാരിന്റെ യാപത്തു തീരാറായി
പൊട്ടി ചിരിക്കേണ്ട നേരമായ്, ഹാ! ജയം-
കെട്ടിപ്പിടിക്കുവാൻ കാത്തിരിപ്പൂ
വീഴ്പ്പും വിയർപ്പും മദ്ധ്യപാനവും കണ്ണീരും
വാർത്തുവാത്തെത്രനാൾ നാം കഴിഞ്ഞു?
ആഹ്ലാദിച്ചീടുവിൻ, ആനന്ദിച്ചീടുവിൻ
ഇത്ര നാളും നാം കരഞ്ഞോരല്ലേ?

**വിജയം നൂനം നമ്മൾ- ക്കാ രണാങ്കണം നാളെ**
**രിപു വൃന്ദത്തിന്നുള്ള- ശവസംസ്കാര സ്ഥലം**

# യുദ്ധകാലത്തെ വിദ്യാഭ്യാസം

## യുദ്ധത്തിന്നുശേഷമുള്ള വിദ്യാഭ്യാസപദ്ധതിയും തയ്യാറാക്കിയിരിക്കുന്നു.

സാധാരണയായി യുദ്ധകാലങ്ങളിൽ മുമ്പത്തെമാതിരി വിദ്യാഭ്യാസത്തോതു നിലനിർത്താൻ സാധിക്കയില്ല. അതിന്നുള്ള കാരണമെന്താണെന്നു അന്വേഷിച്ചറിവാൻ പ്രയാസമില്ല. യുദ്ധകാലത്തു മനുഷ്യന്നു അത്യാവശ്യമായ പല സുഖസൌകര്യങ്ങളും, നാം യുദ്ധാവശ്യത്തിന്നായി കുറയ്ക്കേണ്ടിവരുന്നു. എന്നാൽ ഈ യുദ്ധത്തിൽ ഇന്ത്യയിൽ പണ്ടത്തെ വിദ്യാഭ്യാസസൌകര്യങ്ങൾ ഇന്നും കുറച്ചിട്ടില്ലെന്നുമാത്രമല്ല, വർദ്ധിപ്പിച്ചിട്ടുണ്ടെന്നറിയുമ്പോൾ ഏതൊരു ഇന്ത്യക്കാരനും അതിശയവും അഭിമാനവും ഉളവാകുക തന്നെ ചെയ്യും. ബ്രിട്ടീഷ് ഇന്ത്യയിൽ ക്രമാതീതമായ പുരോഗതി ഇടക്കാലത്തു വെച്ച് വിദ്യാഭ്യാസ സംബന്ധമായി ഉണ്ടായിട്ടുണ്ട്. ഇപ്പോൾത്തന്നെ യുദ്ധത്തിന്നുശേഷമുള്ള വിദ്യാഭ്യാസ പുരോഗമനത്തിന്നു ഒരു വലിയ പ്ലാൻ തയ്യാറായിരിക്കുന്നു. യുദ്ധത്തിൽ ചേർന്ന വിദ്യാർത്ഥികൾക്കു സർവ്വകലാശാലകളിൽ വളരെ സൌകര്യങ്ങൾ അനുവദിച്ചുകൊടുത്തിട്ടുണ്ട്; മാത്രമല്ല, പട്ടാളക്കാരുടെ കുട്ടികൾക്കും കുടുംബക്കാർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ ഗവർമ്മേണ്ട് പ്രത്യേക നിഷ്കർഷ കാണിക്കുന്നതു് ആർക്കും സന്തോഷപ്രദമാണെന്നതിന്നു രണ്ടു പക്ഷമില്ല. യുദ്ധകാലത്തെ വിദ്യാഭ്യാസ ചെലവു പണ്ടത്തേതിലും 9 ശതമാനം വർദ്ധിച്ചിരിക്കുന്നു. 1941-42 വർഷത്തിൽ കണക്കുപ്രകാരം 1,260,147 ആൺകുട്ടികളും 311,355 പെൺകുട്ടികളും അക്ഷരാഭ്യാസം നേടിയിട്ടുണ്ട്. അതായതു, മുമ്പത്തെ വർഷത്തേക്കാൾ 70,563 ബാലകന്മാരും 31,606 ബാലികമാർക്കും അധികം വിദ്യാഭ്യാസം കൊടുത്തു. 194' ൽ കുറെ പ്രാഥമിക വിദ്യാലയങ്ങൾ—സാമ്പത്തികമായി ബലഹീനവും കർമ്മപ്രസക്തിയില്ലാത്തതുമായ—മൂടിയെങ്കിലും, 1942 ൽ പ്രാഥമിക വിദ്യാലയങ്ങളിൽ 66,687 ആൺകുട്ടികളും 154,[illegible]90 പെൺകുട്ടികളും അധികരിച്ചു. കൂടാതെ ഇക്കാലത്തു പല പ്രത്യേക സ്കൂളുകളും തുറക്കപ്പെട്ടു. പഴയ കൊല്ലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ പ്രത്യേക സ്കൂളുകൾ 5,141 ബാലന്മാർക്കും 62 ബാലികൾക്കു പഠിക്കാൻ സൌകര്യമുള്ളതാണ്. 1941-42 ൽ ആകെയുള്ള ആർട്ട്സ് കോളേജുകളും സയൻസ് കോളേജുകളും 338 ആയി വർദ്ധിച്ചു. മുമ്പത്തെ കൊല്ലം 325 എണ്ണമേ ഉണ്ടായിരുന്നുള്ളു. 1942 ൽ 4,745 കൂടുതൽ വിദ്യാർത്ഥികൾ, ഈ കോളേജിൽനിന്നു വിദ്യാഭ്യാസം ലഭിച്ചിരുന്നു.

ഇന്ത്യാ ഗവർമ്മേണ്ടിന്റെ വിദ്യാഭ്യാസച്ചെലവു് അജ്മീർ, മാർവാറ, ഡൽഹി, ബലൂചിസ്ഥാൻ എന്നിയിടങ്ങളിൽ 58 ശതമാനം വർദ്ധിച്ചു അതായതു് 1939-40 ൽ ചിലവായിരുന്ന 18 ലക്ഷം ഇപ്പോൾ 31 ലക്ഷമായിട്ടുണ്ട്. വിദഗ്ധന്മാരടങ്ങിയ ഒരു കമ്മിററി യുദ്ധാനന്തരമുള്ള വിദ്യാഭ്യാസ വർദ്ധനവിന്നുള്ള ഒരു പ്ലാൻ രൂപീകരിക്കുന്നതിന്നു ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉടനെത്തന്നെ വിദ്യാഭ്യാസത്തിന്നുള്ള കേന്ദ്രോപദേശക സമിതി (സെൻട്രൽ അഡൈ്വസറി ബോർഡ് ഓഫ് എഡുക്കേഷൻ) സമർപ്പിച്ച വിദ്യാഭ്യാസ പദ്ധതി ഡൽഹിയിൽ ഉടനെ നടപ്പിൽ വരുത്തുന്നുള്ള വഴികളാണ് ഈ വിദഗ്ദ്ധ സമിതി ആലോചിക്കുന്നതു്.

## വിജയിക്കട്ടെ

(പി. കെ. കുഞ്ഞിരാമൻ പണിക്കർ.)

സാധിച്ചിടട്ടെ ദിവസംപ്രതി ജീവിതത്തെ-
ബാധിച്ചിടുന്ന വിഷമസ്ഥിതി നീക്കി നിത്യം,
സ്ഥാപിച്ചിടട്ടെ സുഖമിങ്ങു ശമെങ്ങുമേജാ-
പ്പാം,പതത്തൊഴിക്കുവതിനായ് തുനിയേണമാരും.

II

ഫാസിസ്റ്റു ശക്തികളെയൊക്കെയടിച്ചൊതുക്കി
ലോകത്തിൽ നിന്നറുതിയാക്കി വിടുംവരേയ്ക്കും;
ആശ്വാസമില്ലതിനൊരുങ്ങിയ ഭാരതീയ
വിശ്വാസമേ, വിജയിയാകുക നിത്യവും നീ!

III

വൈക്കോലു മേഞ്ഞ പുരമേൽ വലുതായ ബോംബു
തക്കത്തിൽ നോക്കിയെറിയുന്നൊരു യുദ്ധതന്ത്രം,
കൈക്കൊണ്ടതായ പടയാളികളുള്ള ചൊല്ലു
മക്കൂട്ടർ, ജാപ്പുകൾ കിരാത മനസ്ഥിതിക്കാർ.

IV

പോർക്കോലമായ് പരിണമിച്ചഭിമാനരക്ഷ
മിക്കേരളീയരിലുറച്ചു വീണ്ടുമിപ്പോൾ
ധിക്കാരമായ് പടയെടുത്തവരോടെതിർത്തു
നില്ക്കുന്നു; വെൽക മലനാടിനെഴുന്ന വീര്യം!

## ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്കു്

അപ്പോൾ, മദിരാശി നഗരത്തിൽ വിളക്കുകൾ വീണ്ടും വിളങ്ങിത്തുടങ്ങി; നഗരത്തിൽ ഇപ്പോഴെന്തൊരു ചൈതന്യമാണു് കാണുന്നതു്! ഒരു പുത്തനുമട്ടു, വിശുദ്ധിയും ഇടകലർന്ന ഒരന്തരീക്ഷം നമ്മുടെ മുമ്പിൽ തുറന്നുവെച്ചപോലെ തോന്നുന്നു. യുദ്ധം മനുഷ്യന്നു പല അസൌകര്യങ്ങളും ഉണ്ടാക്കുന്നു. അതിലൊന്നാണിതും. എത്ര ചെറിയതാവട്ടെ, നമുക്കു അസൌകര്യങ്ങൾ, അനുഭവിക്കാനിഷ്ടമല്ല. ആളുകൾക്കിന്നു വലിയ ഒരാശ്വാസമുണ്ട്. വിളക്കുകൾ വന്നുവെന്നു മാത്രമല്ല ആശ്വാസത്തിന്റെ അടിസ്ഥാനം. ഇരുട്ടിനോടൊപ്പം തന്നെ ജനങ്ങളുടെ ഹൃദയത്തിലുള്ള ഭയാശങ്കകളുടെ ഇരുട്ടും പോയിക്കഴിഞ്ഞു.

നാമൊന്നു പിറകോട്ടു നോക്കുക. രണ്ടു മൂന്നു വർഷങ്ങളായ് ആളുകളുടെ മനഃസ്ഥിതി എന്തായിരുന്നു? ഇന്നോ? അതേ, ഇന്നു എല്ലാർക്കും മനസ്സിലായിത്തുടങ്ങി 1942 അല്ല 1944 എന്നു്. 44 ൽ സഖ്യശക്തികൾ വിജയിച്ചുകൊണ്ടു മുന്നോട്ടു പോവുന്ന കാലമാണ്. ലോകത്തെ ഇരുട്ടിൽ ആഴ്ത്തിയ ശത്രുക്കളെ അകററി വീണ്ടും സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെ വെളിച്ചം വീശാറായി ആ മഹാനാടകത്തിലെ നാന്ദി മാത്രമാണു് നാം ഇന്നു മദിരാശിനഗരത്തിൽ കാണുന്ന വെളിച്ചം. ഇരുട്ടിൽനിന്നു ലോകം വെളിച്ചത്തേക്കാണു പോവുന്നതു്. ആർക്കും അതിൽ രണ്ടഭിപ്രായമുണ്ടെന്നു തോന്നില്ല, ശത്രുവിന്റെ കിങ്കരന്മാർക്കൊഴികെ. പക്ഷെ അതു സാരമില്ല; ഇരുട്ടിനോടൊപ്പം നിഴലുകളും മാഞ്ഞുപോവും.

നമ്മുടെ നഗരം പുഞ്ചിരിതൂകുന്നു. വിജയത്തിന്റെ പുലർച്ചയിൽ പുഞ്ചിരിതൂകാൻ നമുക്കും കാത്തിരിക്കുക!

## ഇന്നത്തെ യുദ്ധവീരൻ, നാളത്തെ പൌരപ്രധാനി

"ഇന്ത്യൻ പടയാളി പുതിയ ആശയങ്ങളോടും വലിയ അന്തഃസ്സോടുംകൂടി സ്വദേശത്തു തിരിച്ചെത്തുന്നതാണ്. ആയാൾ വിസ്തൃതമായ ലോകം കണ്ടിട്ടുണ്ടാവണം. മുമ്പു ആയാൾക്കുണ്ടായിരുന്നതിലും എത്രയോ അധികം വിദ്യാഭ്യാസവും ഇതിനിടയ്ക്കു ആയാൾക്കു സിദ്ധിച്ചിട്ടുണ്ടാവാം. ഇന്ത്യയുടെ നിർമ്മാണത്തിൽ കാര്യമായ സ്വാധീനശക്തി ചെലുത്തുവാൻ ആയാൾക്കു കഴിയും."

—മേജർ, എഫ്. യീററ്സ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.